VOL NO: 09
ISSUE 12
2025 MARCH 22
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

■ വിശുദ്ധ ക്വുർആൻ; മാനവരാശിയുടെ വഴികാട്ടി

# ലൈലത്തുൽ ക്വദ്ർ: പ്രതീക്ഷകളുടെ പുണ്യരാവ്



ആയിരം മാസത്തെക്കാൾ ഉത്തമമായ, ജിബ്‌രീൽ അടക്കമുള്ള മലക്കുകൾ സ്രഷ്ടാവിന്റെ ഉത്തരവുമായി ഇറങ്ങിവരുന്ന ഭക്തിസാന്ദ്രവും ഏറ്റവും പുണ്യകരവുമായ ഒരു രാവിലേക്ക് നടന്നടുക്കുകയാണ് മാനവരാശി. ആരാധനാ നിമഗ്നരായും പ്രതിഫലേച്ഛയോടെയും പ്രതീക്ഷകളോടെയും നമുക്ക് അതിനെ കാത്തിരിക്കാം.

**രാത്രിനമസ്കാരത്തിന്റെ നേട്ടങ്ങൾ**

**ഫിത്വ്ർ സകാത്ത്; സംശയനിവാരണം**

**വിദ്യാർഥികൾ, സംഘടനകൾ അജണ്ടകൾ മാറ്റിയെഴുതണം**



വിജ്ഞാന
വെളിച്ചവുമായി
വിവിധ പ്രഭാഷകരുടെ ജുമുഅ ഖുതുബകൾ...
മനോഹരമായ ഇസ്ലാമിക ഗാനങ്ങൾ
ഓഡിയോ, വീഡിയോ പ്രഭാഷണങ്ങൾ
ദിക്റുകളും പ്രാർത്ഥനകളും വിരൽ തുമ്പിൽ
വിജ്ഞാനം വർധിപ്പിക്കാൻ ലേഖനങ്ങളും എഴുത്തുകളും
നന്മയിൽ സമയം ചിലവഴിക്കാൻ നിരവധി പുതുമകൾ
zameel
the soulmate
Audios
Most viewed
More
ഖുതുബകൾ
ഖുർആൻ
റേഡിയോ
നേർവഴി
ദുറൂസ്
കിഡ്സ്
സംശയങ്ങൾ
Home
Audio
Zameel the Soulmate
The Light
Daily Planner
One min talk
Popular Videos
Popular Audios
Video
Document
Adkaar
നിങ്ങളുടെ ഫോണിൽ ലഭിക്കാൻ സ്കാൻ ചെയ്യൂ..!
GET IT ON
Google Play
Available on the
App Store

0426
നേർപഥം
വാരിക


2025 മാർച്ച് 22
1446 റമദാൻ 21
പുസ്തകം 09 / ലക്കം 12




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**




സുഫ്‌യാൻ അബ്ദുസ്സലാം

ആയിരം മാസത്തെക്കാൾ ഉത്തമമായ, ജിബ്‌രീൽ അടക്കമുള്ള മലക്കുകൾ സ്രഷ്ടാവിന്റെ ഉത്തരവുമായി ഇറങ്ങിവരുന്ന ഭക്തിസാന്ദ്രവും ഏറ്റവും പുണ്യകരവുമായ ഒരു രാവിലേക്ക് നടന്നടുക്കുകയാണ് മാനവരാശി. ആരാധനാ നിമഗ്നരായും പ്രതിഫലേച്ഛയോടെയും പ്രതീക്ഷകളോടെയും നമുക്ക് അതിനെ കാത്തിരിക്കാം.

04 ക്വുർആൻ പാഠം
പശ്ചാത്താപം മുക്തിമാർഗം
ഉസ്മാൻ പാലക്കാഴി

05 മുഖമൊഴി
മാതാപിതാക്കൾ ഉത്തരവാദിത്തം നിറവേറ്റുക

06 പഠനം
ഭാര്യയെ സ്നേഹിക്കുന്ന ഭർത്താവ്
അബൂറാഷിദ അൽകാസിമി, കുടയത്തൂർ

09 കാഴ്ച
പാഴാകാത്ത നോമ്പ്
ഇബ്നു അലി എടത്തനാട്ടുകര

15 ലേഖനം
രാത്രിനമസ്കാരത്തിന്റെ നേട്ടങ്ങൾ
ഡോ. ടി. കെ. യൂസുഫ്

16 ബാലപഥം
'വിവരമില്ലാത്ത ഉമ്മ!'
റാഷിദ ബിൻത് ഉസ്മാൻ

18 ലേഖനം
ഫിത്വ്ർ സകാത്ത്; സംശയനിവാരണം
സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

20 ലേഖനം
സൗമ്യതയുടെ സൗരഭ്യം
ശമീർ മദീനി

23 ജവാബ്
മൂന്ന് സംശയങ്ങൾ
മുജാഹിദ് അൽഹികമി പറവണ്ണ

24 ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതുസ്സജദ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

26 ലേഖനം
വിദ്യാർഥികൾ, സംഘടനകൾ അജണ്ടകൾ മാറ്റിയെഴുതണം
നബീൽ പയ്യോളി

29 ലേഖനം
വിശുദ്ധ ക്വുർആൻ; മാനവരാശിയുടെ വഴികാട്ടി
മെഹബൂബ് മദനി

33 കർമപഥം
ഉൽപന്നങ്ങളുടെ സകാത്ത്
വിവ: അബ്ദുൽ ജബ്ബാർ മദീനി

34 കവിത
വീണ്ടുവിചാരങ്ങളുണ്ടോ?
ഷമീറ സനാബിലിയ്യ

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

ഉസ്മാൻ പാലക്കാഴി
: 9656 292 244

# പശ്ചാത്താപം മുക്തിമാർഗം

وَتُوبُوا إِلَى اللَّهِ جَمِيعًا أَيُّهَ الْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ
'സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം'
(ക്വുർആൻ 24:31)

പശ്ചാത്താപം തീർത്തും അടിമയും അല്ലാഹുവുമായി ബന്ധപ്പെട്ടതാണ്. മാപ്പിരക്കുന്നത് അടിമയാണ്; മാപ്പ് നൽകുന്നത് അല്ലാഹുവും. വാക്കുകളിലോ, കർമങ്ങളിലോ, വീക്ഷണങ്ങളിലോ, സ്വഭാവത്തിലോ തെറ്റുകൾ സംഭവിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കുന്നതോടെ അവ ശരിയാക്കാൻ ശ്രമിക്കുന്നു എന്നതാണ് പശ്ചാത്താപ മനഃസ്ഥിതിയുള്ളവന്റെ ഗുണം. തെറ്റുകൾ അംഗീകരിച്ചാൽ, അവ തിരുത്തിയാൽ, അല്ലാഹുവിനോട് ഖേദിച്ചാൽ സമൂഹം എന്തു പറയുമെന്ന ചിന്ത അവന്നുണ്ടാകില്ല. അങ്ങനെയൊന്നും ചെയ്യാതിരുന്നാൽ തന്റെ പര്യവസാനം എന്തായിത്തീരുമെന്ന ആധിയേ അവന്നുണ്ടാകൂ. എങ്കിൽ, അവൻ വിനീതനാണ്.

സത്യവിശ്വാസി ഉൾക്കൊണ്ട തൗഹീദിന്റെ താൽപര്യമാണ് പാപമോചനത്തിനു വേണ്ടി അല്ലാഹുവിനോട് നടത്തുന്ന അവന്റെ പ്രാർഥന. പ്രവാചകന്മാരെ അല്ലാഹു ശീലിപ്പിച്ച സമ്പ്രദായമാണത്. ക്വുർആനത് പഠിപ്പിക്കുന്നുണ്ട്: 'ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക. നിന്റെ പാപത്തിന് നീ പാപമോചനം തേടുക. സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടിയും (പാപമോചനം തേടുക)' (ക്വുർആൻ 47:19).

അന്യരുടെ പാപങ്ങളും വീഴ്ചകളുമൊക്കെ ചികഞ്ഞെടുക്കുകയും അവ പർവതീകരിച്ച് സമൂഹമധ്യേ പ്രചരിപ്പിക്കുകയും ചെയ്യുന്ന ചിലരെങ്കിലുമുണ്ട്. അത്തരക്കാർ പാപിക്ക് പശ്ചാത്തപിക്കാൻ സമയം നൽകാറില്ല. വീഴ്ച പറ്റിയവന്റെ പശ്ചാത്താപത്തെ മാനിക്കാനും തയ്യാറല്ല. തെറ്റുപറ്റിയെന്ന് തിരിച്ചറിഞ്ഞ് തൗബ ചെയ്ത സഹോദരന്റെ തൗബയെപ്പോലും കളിയാക്കുന്നവരും സമൂഹത്തിലുണ്ട്! യഥാർഥ വിശ്വാസിയുടെ സ്വഭാവമല്ല ഇതൊന്നും.

ജീവിതത്തിൽനിന്ന് രാപകലുകൾ യാത്രയായിക്കൊണ്ടിരിക്കുന്നു. പ്രഭാതത്തിൽ ഉണരാനാകുന്നതും രാത്രിയാകുവോളം ജീവിക്കാനാകുന്നതും അല്ലാഹുവിന്റെ ഔദാര്യമാണ് എന്ന് തിരിച്ചറിയുക. ഒരു ദിവസത്തിലെ ജീവിത കർമങ്ങളിൽ അരുതാത്തവയൊന്നും സംഭവിച്ചിട്ടില്ലെന്ന് പറയാൻ നമുക്കുറപ്പില്ല. എങ്കിൽ, മാപ്പിരന്നുകൊണ്ടാകണം നമ്മുടെ ഉണർച്ചയും ഉറക്കവും. 'സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം' എന്ന ക്വുർആൻ വചനം (അന്നൂർ:31) നാം മറക്കാതിരിക്കുക.

അല്ലാഹു പറഞ്ഞു: 'നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമനിഷ്ഠ പാലിക്കുന്നവർക്കു വേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്. (അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമങ്ങൾ ചെയ്യുകയും, കോപം ഒതുക്കിവെക്കുകയും, മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്നവർക്ക് വേണ്ടി. (അത്തരം) സൽകർമകാരികളെ അല്ലാഹു സ്നേഹിക്കുന്നു. വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തുപോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർക്ക് വേണ്ടി.-പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്? - ചെയ്തുപോയ (ദുഷ്)പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ. അത്തരക്കാർക്കുള്ള പ്രതിഫലം തങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനവും താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളുമാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും. പ്രവർത്തിക്കുന്നവർക്ക് ലഭിക്കുന്ന പ്രതിഫലം എത്ര നന്നായിരിക്കുന്നു' (ക്വുർആൻ 3:133-136).

# വീണ്ടും ഒരു പെരുന്നാൾ

'എത്ര പെട്ടെന്നാണ് നോമ്പിന്റെ നാളുകൾ കഴിഞ്ഞുപോയത്' എന്ന് ആളുകൾ പറഞ്ഞുതുടങ്ങിയിരിക്കുന്നു. ഈ 'നേർപഥം' വായനക്കാരുടെ കൈയിൽ കിട്ടുമ്പോഴേക്കും റമദാൻ അവസാന പത്തിന്റെ പകുതിയും പിന്നിട്ടിട്ടുണ്ടാകും. വിശ്വാസികളിൽ പലരും ഇഅ്തികാഫിലും മറ്റു ആരാധനാകർമങ്ങളിലും നിരതരാണ്. മറ്റു പലരും വസ്ത്രങ്ങൾ വാങ്ങിയും മറ്റും പെരുന്നാളിന്റെ ഒരുക്കത്തിലായിരിക്കും.

ശവ്വാലിന്റെ പിറവിയോടെ ആഹ്ളാദത്തിന്റെ നിമിഷങ്ങളുമായി ഈദുൽ ഫിത്വ്ർ കടന്നുവരും. ആബാലവൃദ്ധം വിശ്വാസികൾ പ്രഭാതത്തിന്റെ ശീതളിമയിൽ പുതുവസ്ത്രമണിഞ്ഞ് ഈദ് മുസ്വല്ലകളിലേക്കും പള്ളികളിലേക്കും ചുണ്ടുകളിൽ തക്ബീർ മന്ത്രവുമായി തിരിക്കും.

രണ്ട് പെരുന്നാളുകളല്ലാതെ മറ്റൊരാഘോഷവും ഇസ്‌ലാം മതത്തിൽ പഠിപ്പിക്കപ്പെട്ടിട്ടില്ല. ലോകത്ത് വിവിധ മതങ്ങൾക്കും സംസ്കാരങ്ങൾക്കും പലവിധ ആഘോഷങ്ങളുണ്ട്. ആ ആഘോഷങ്ങളിൽനിന്നും ഏറെ ഭിന്നമാണ് ഇസ്‌ലാമിലെ പെരുന്നാൾ ആഘോഷം.

ആഘോഷത്തിന്റെ പേരിൽ നടത്തുന്ന പാട്ടും കൂത്തും ധൂർത്തും പടക്കം പൊട്ടിക്കലും മദ്യം വിളമ്പുന്ന കൂടിച്ചേരലുകളും അന്യ സ്ത്രീ-പുരുഷന്മാർ ഇടകലർന്നുള്ള ആഭാസനൃത്തങ്ങളുമൊന്നും ഈദ് ദിനത്തിൽ കാണുക സാധ്യമല്ല. മുസ്‌ലിം നാമധാരികൾ ആരെങ്കിലും ഇത്തരം കാര്യങ്ങൾ ചെയ്യുന്നുവെങ്കിൽ അത് ഇസ്‌ലാമിന്റെ തകരാറല്ല.

ഈദിന്റെ സവിശേഷത ആരാധനയിൽ അധിഷ്ഠിതമാണ് എന്നതാണ്. സ്രഷ്ടാവിനെ ധാരാളമായി സ്മരിച്ചും പ്രകീർത്തിച്ചും കുടുംബ ബന്ധങ്ങൾ ചേർത്തും ദരിദ്രരെയും അശരണരെയും സഹായിച്ചുമൊക്കെയാണ് പെരുന്നാൾ ആഘോഷിക്കേണ്ടത്.

ഭൗതിക പ്രമത്തതയുടെ ഉത്സവ വേളകളിൽനിന്ന് ഇസ്‌ലാമിലെ ആഘോഷങ്ങളെ വ്യതിരിക്തമാക്കുന്നവയാണ് തക്ബീറും പെരുന്നാൾ നമസ്കാരവും. 'അല്ലാഹു അക്ബർ' അഥവാ 'അല്ലാഹുവാകുന്നു ഏറ്റവും വലിയവൻ' എന്ന് ആവർത്തിച്ചാവർത്തിച്ച് ഉദ്ഘോഷിക്കുന്ന സത്യവിശ്വാസി അല്ലാഹുവിന്റെ മാർഗദർശനം പൂർണമായി അംഗീകരിച്ചുകൊണ്ട്, അവന്റെ വിധിവിലക്കുകൾക്ക് വിധേയമായി ജീവിക്കാമെന്ന് പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. സ്ത്രീ പുരുഷഭേദമന്യെ ആബാലവൃദ്ധം മുസ്‌ലിംകൾ പങ്കെടുക്കുന്ന പെരുന്നാൾ നമസ്കാരവും അനന്തരം ഇമാം നടത്തുന്ന ഉദ്ബോധനവും ആഹ്ലാദത്തിനുപരിയായി ഒരു ആത്മീയ പ്രഭകൂടി ഈദുൽ ഫിത്വ്റിന് നൽകുന്നു.

ഒന്നിച്ചുള്ള പെരുന്നാൾ നമസ്കാരവും പ്രാർഥനയും ഉദ്ബോധനവുമെല്ലാം മനസ്സുകളെ ഒന്നിപ്പിക്കുന്നു. അയൽപക്കബന്ധവും കുടുംബബന്ധവുമെല്ലാം സുദൃഢമാക്കുവാനും പിണക്കങ്ങൾ തീർക്കുവാനും വിശ്വാസികൾ പെരുന്നാൾ ദിനത്തെ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. വിശ്വാസദൃഢത കൈവരിച്ച് കൂടുതൽ സൂക്ഷ്മതയുള്ളവരായി മാറുവാനും ചൊവ്വായ പാതയിലൂടെ ജീവിതം മുന്നോട്ട് നയിക്കുവാനും വിശ്വാസികളെ ഈ ആഘോഷം പ്രാപ്തമാക്കുന്നു.

സകല അധാർമികതകളും ആടിത്തിമർക്കുന്ന ആഘോഷങ്ങളിൽനിന്ന് വ്യത്യസ്തമായി ഈദുൽഫിത്വ്റിനെ വിശിഷ്ടമാക്കുന്ന പ്രത്യേകതകളും ആ സുദിനത്തിന്റെ മഹത്ത്വവും നാം ഉൾക്കൊള്ളേണ്ടതുണ്ട്. വ്രതമനുഷ്ഠിക്കുമ്പോൾ പാലിക്കുന്ന പരിധികൾ പോലെത്തന്നെയാണ് പെരുന്നാൾ ആഘോഷിക്കുമ്പോൾ പാലിക്കേണ്ട പരിധികളും.

വായനക്കാർക്കെല്ലാം നേർപഥത്തിന്റെ പെരുന്നാൾ ആശംസകൾ.

അബൂറാഷിദ അൽകാസിമി
കുടയത്തൂർ



## മുഹമ്മദ് നബി(സ്വ); അതുല്യ വ്യക്തിത്വം 11

# ഭാര്യയെ സ്നേഹിക്കുന്ന ഭർത്താവ്

വീട്ടിൽനിന്ന് പുറപ്പെടുന്ന സമയം ഭാര്യയെ ചുംബിക്കുന്നു: ആഇശ(റ)യിൽനിന്ന് ഉർവ(റ) നിവേദനം ചെയ്യുന്നു: “നിശ്ചയം, നബി(സ്വ) അവിടുത്തെ ഒരു ഭാര്യയെ ചുംബിച്ചിട്ട് പള്ളിയിലേക്ക് നമസ്കരിക്കാൻ പുറപ്പെട്ടു. വുദൂഅ് എടുത്തതുമില്ല.’ അപ്പോൾ ഞാൻ ചോദിച്ചു: ‘ആ ഒരാൾ നിങ്ങളായിരിക്കുമല്ലോ?” അപ്പോൾ അവർ ചിരിച്ചു” (തിർമുദി, അബൂദാവൂദ്).

നോമ്പുകാരനായ അവസ്ഥയിൽ നബി(സ്വ) ഭാര്യമാരെ ചുംബിക്കുമായിരുന്നു. ആഇശ(റ) പറയുന്നു: “നബി(സ്വ)

> ഒരു ഭാര്യയോട് സ്നേഹം തെളിയിക്കാൻ ഇതിലപ്പുറം എന്ത് പ്രവർത്തനമാണ് ഉള്ളത്! ഇത് സ്നേഹത്തിന്റെയും പ്രേമത്തിന്റെയും അടയാളപ്പെടുത്തലാണ്. ഇന്ന് കാമുകി എന്നും ബെസ്റ്റി എന്നുമൊക്കെ പറഞ്ഞ് അന്യ സ്ത്രീകളോടാണ് പലരും ഇത്തരം സ്നേഹ പ്രകടനം നടത്തുന്നത്. സ്വന്തം ഭാര്യയോട് ഇതൊന്നും കാണിക്കാൻ താൽപര്യമില്ല.

നോമ്പുകാരനായിരിക്കുന്ന അവസ്ഥയിൽ ചുംബിക്കുകയും ചേർന്ന് കിടക്കുകയും ചെയ്യുമായിരുന്നു. ശരീരത്തെയും മനസ്സിനെയും നന്നായി നിയന്ത്രിക്കാൻ സാധിക്കുന്ന ആളായിരുന്നു നബി(സ്വ)" (ബുഖാരി, മുസ്‌ലിം).

ഭാര്യ കുടിച്ച ഭാഗത്ത് വായ വെച്ചു കുടിക്കുന്നു: ആഇശ(റ) പറയുന്നു: "ഞാൻ ആർത്തവകാരിയായിരിക്കെ വെള്ളം കുടിക്കും. ശേഷം നബി(സ്വ) എന്നിൽ നിന്ന് (പാത്രം) എടുത്തു ഞാൻ വായ വെച്ച ഭാഗത്ത് അവിടുത്തെ വായ വെച്ച് കുടിച്ചിരുന്നു. ഞാൻ ആർത്തവകാരിയായിരിക്കെ എല്ലിൽനിന്നും ഇറച്ചി കടിച്ചെടുക്കുന്നതിന്റെ ഭാഗത്തുനിന്ന് തന്നെ അവിടുത്തെ വായ വെച്ച് കടിച്ചു കഴിക്കുമായിരുന്നു" (മുസ്‌ലിം).

മറ്റൊരു ഹദീസിൽ "ഞാൻ കുടിച്ചതിന്റെ മിച്ചമുള്ള വെള്ളം അവിടുന്ന് കുടിച്ചിരുന്നു" (നസാഈ) എന്ന് കാണാം.

ഇതെല്ലാം അങ്ങേയറ്റത്തെ സ്നേഹത്തിന്റെ അടയാളങ്ങളാണ്. ഒരു ഭാര്യയോട് സ്നേഹം തെളിയിക്കാൻ ഇതിലപ്പുറം എന്ത് പ്രവർത്തനമാണ് ഉള്ളത്! ഇത് സ്നേഹത്തിന്റെയും പ്രേമത്തിന്റെയും അടയാളപ്പെടുത്തലാണ്. ഇന്ന് കാമുകി എന്നും ബെസ്റ്റി എന്നുമൊക്കെ പറഞ്ഞ് അന്യ സ്ത്രീകളോടാണ് പലരും ഇത്തരം സ്നേഹ പ്രകടനം നടത്തുന്നത്. സ്വന്തം ഭാര്യയോട് ഇതൊന്നും കാണിക്കാൻ താൽപര്യമില്ല.

ഭാര്യ ദന്തശുദ്ധി വരുത്തിയ മിസ്‌വാക്കു കൊണ്ട് ദന്തശുദ്ധി വരുത്തുന്നു: ആഇശ(റ) പറയുന്നു: "അല്ലാഹു എനിക്ക് നൽകിയ അനുഗ്രഹങ്ങളിൽ പെട്ടതാണ്, നബി(സ്വ) എന്റെ ഭവനത്തിൽ, എന്റെ ദിവസത്തിൽ ഇഹലോകവാസം വെടിഞ്ഞു എന്നത്. നബി(സ്വ) യുടെ വിയോഗസമയം എന്റെയും അവിടുത്തെയും ഉമിനീർ അല്ലാഹു കൂട്ടിക്കലർത്തി."

ബുഖാരിയിൽ ഈ സംഭവം വിവരിക്കുന്നുണ്ട്. അതിന്റെ ചുരുക്കം ഇതാണ്: ആഇശ(റ) പറയുന്നു: "എന്റെ അടുക്കൽ സഹോദരൻ അബ്ദുറഹ്‌മാൻ വന്നു. കൈയിൽ ഒരു മിസ്‌വാക്ക് ഉണ്ടായിരുന്നു. നബി (സ്വ) എന്റെ ശരീരത്തിലേക്ക് ചാരിയിരിക്കുകയാണ്. അവിടുന്ന് ആ മിസ്‌വാക്കിലേക്ക് നോക്കുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടു. അതിൽ നബി(സ്വ)ക്ക് താൽപര്യമുണ്ട് എന്ന് എനിക്ക് മനസ്സിലായി. ഞാൻ ചോദിച്ചു: 'അങ്ങേക്കായി ഞാൻ അത് എടുത്തു തരട്ടെയോ?' നബി(സ്വ) തലകൊണ്ട് അതെ എന്ന് സൂചന നൽകി. ഞാൻ അത് എടുത്തിട്ട് ദന്തശുദ്ധി വരുത്തിക്കൊടുക്കാൻ ശ്രമിച്ചപ്പോൾ നബിക്ക് പ്രയാസം അനുഭവപ്പെട്ടു. ഞാൻ ചോദിച്ചു: 'അങ്ങേക്ക് അത് മയപ്പെടുത്തിത്തരേണമോ? ' അപ്പോൾ നബി(സ്വ) വേണമെന്ന് തലകുലുക്കി. അങ്ങനെ ഞാൻ അത് ചവച്ചു മയപ്പെടുത്തി. എന്നിട്ട് നബി(സ്വ)ക്ക് കൊടുത്തു. അതുകൊണ്ട് ദന്തശുദ്ധി ചെയ്തു. ആ സമയം നബി(സ്വ) എന്റെ ദേഹത്ത് ചാരി കിടക്കുകയായിരുന്നു"

(ബുഖാരി).

ദുനിയാവിൽ നിന്നും വിടപറയുന്ന അവസാന നാളിൽ നബിയു(സ്വ)ടെയും ആഇശ(റ)യുടെയും ഉമിനീരിനെ അല്ലാഹു ഒരുമിപ്പിച്ചു. ഇത് പ്രിയ പത്നിക്ക് ലഭിച്ച മഹത്തായ ഭാഗ്യം തന്നെയാണ്.

ആഇശ(റ) പറയുന്നു: "ഞാൻ ആർത്തവകാരിയായിരിക്കെ എന്റെ മടിയിൽ നബി(സ്വ) ചാരിയിരുന്ന് ക്വുർആൻ പാരായണം ചെയ്യുമായിരുന്നു" (ബുഖാരി, മുസ്‌ലിം).

ആർത്തവകാരിയായ ഭാര്യയോട് അകൽച്ച കാണിക്കരുതെന്നും ശാരീരിക പ്രയാസങ്ങൾക്കൊപ്പം മാനസിക സംഘർഷം കൂടി അനുഭവിക്കുന്ന ആ ഘട്ടത്തിൽ അവരെ അവഗണിക്കരുതെന്നും ഈ സംഭവങ്ങൾ മനസ്സിലാക്കിത്തരുന്നു. ആർത്തവസമയത്ത് ഭാര്യമാരുടെ കൂടെ ഇരിക്കാൻ പാടില്ല, അവരോടൊപ്പം ഭക്ഷണം കഴിക്കാൻ പാടില്ല എന്നൊക്കയുള്ള ജൂതവിശ്വാസങ്ങളോട് എതിരായ ഇസ്‌ലാമിന്റെ നിലപാട് വ്യക്തമാക്കുകയുമാണ് ഇതിലൂടെ.

ആർത്തവകാരിയായ ഭാര്യയോടൊപ്പം ഒരു പുതപ്പിനു കീഴിൽ കിടക്കുന്നു: ഉമ്മു സലമ(റ) പറയുന്നു: "ഞാൻ ആർത്തവകാരിയായിരിക്കവേ നബി(സ്വ) എന്നോടൊപ്പം ഒരു വരയുള്ള പുതപ്പിൽ കിടക്കുന്ന സന്ദർഭത്തിൽ നബി(സ്വ) അറിയാതെ ഞാൻ എഴുന്നേറ്റ് പോയി എന്റെ ആർത്തവ സമയത്ത് കെട്ടിവെക്കുന്ന തുണിയെടുത്തു. നബി(സ്വ) ചോദിച്ചു: 'നിനക്ക് ആർത്തവം ഉണ്ടായോ?' ഞാൻ പറഞ്ഞു: 'അതെ.' അപ്പോൾ നബി(സ്വ) എന്നെ വിളിച്ചു. ഞാൻ നബി(സ്വ)യോടൊപ്പം ഒരു പുതപ്പിൽ കിടന്നുറങ്ങി" (ബുഖാരി, മുസ്‌ലിം).

ഈ ഹദീസ് വ്യക്തമാക്കുന്നത് ആർത്തവകാരിയായ ഭാര്യയോടൊപ്പം ഒരു പുതപ്പിൽ കിടക്കാം എന്നാണ്. ആർത്തവകാലത്ത് നിങ്ങൾ

> ആർത്തവകാരിയായ ഭാര്യയോട് അകൽച്ച കാണിക്കരുതെന്നും ശാരീരിക പ്രയാസങ്ങൾക്കൊപ്പം മാനസിക സംഘർഷം കൂടി അനുഭവിക്കുന്ന ആ ഘട്ടത്തിൽ അവരെ അവഗണിക്കരുതെന്നും മനസ്സിലാക്കിത്തരുന്നു. ആർത്തവസമയത്ത് ഭാര്യമാരുടെ കൂടെ ഇരിക്കാൻ പാടില്ല, അവരോടൊപ്പം ഭക്ഷണം കഴിക്കാൻ പാടില്ല എന്നൊക്കയുള്ള ജൂതവിശ്വാസങ്ങളോട് എതിരാണ് ഇസ്‌ലാമിന്റെ നിലപാട്. ആർത്തവകാലത്ത് നിങ്ങൾ ഭാര്യമാരിൽനിന്ന് അകന്നു കഴിയുക (അൽബക്വറ 222) എന്ന അല്ലാഹുവിന്റെ വചനത്തിന്റെ താൽപര്യം ഈ സമയത്ത് അവരുമായി ലൈംഗിക ബന്ധം പുലർത്താതിരിക്കുക എന്നാണ്.

ഭാര്യമാരിൽനിന്ന് അകന്നു കഴിയുക (അൽബക്വറ 222) എന്ന അല്ലാഹുവിന്റെ വചനത്തിന്റെ താൽപര്യം ഈ സമയത്ത് അവരുമായി ലൈംഗിക ബന്ധം പുലർത്താതിരിക്കുക എന്നാണ്.

നബിയുടെ ഭാര്യ മൈമൂന(റ) പറയുന്നു: "ഞാൻ ആർത്തവകാരിയായിരിക്കെ എന്നോടൊപ്പം നബി (സ്വ) കിടക്കുമായിരുന്നു. എന്നാൽ എന്റെ നബി(സ്വ)യുടെയും ഇടയിൽ മറയായി ഒരു തുണിയുണ്ടായിരുന്നു" (മുസ്‌ലിം).

ചില ഭർത്താക്കന്മാർ അവരുടെ ഭാര്യമാർ ആർത്തവകാരികളാകുന്ന സന്ദർഭത്തിൽ അവരിൽനിന്ന് വിട്ടുമാറി കിടക്കുന്നു. ഇത് നബിയുടെ മാർഗത്തിന് എതിരാണ്. ഭാര്യയുടെ അവസ്ഥക്ക് വലിയ പ്രയാസമുണ്ടാക്കുന്നതുമാണ്. കാരണം, നേരത്തെ സൂചിപ്പിച്ച പോലെ ആർത്തവ സമയത്ത് സ്ത്രീകൾക്ക് ശാരീരിക ക്ഷീണവും മാനസിക പിരിമുറുക്കവും അനുഭവപ്പെടാം. അതോടൊപ്പമുള്ള ഭർത്താവിന്റെ അകൽച്ച അവരെ കൂടുതൽ വിഷമത്തിലാക്കും.

ഇബ്നു അലി
എടത്തനാട്ടുകര
: 94461 51577



# പാഴാകാത്ത നോമ്പ്

അടുപ്പമുള്ള ഒരു സ്ഥാപനത്തിലെ നോമ്പു തുറക്ക് പങ്കെടുത്തു. ഈത്തപ്പഴം, രണ്ടിനം പഴം, നാരങ്ങ വെള്ളം, ഒരു ജ്യൂസ്, എണ്ണക്കടി എന്നിങ്ങനെ മെനു. സ്ഥാപന മേധാവിയും കുടുംബവും മുസ്‌ലിംകളല്ലാത്ത തൊഴിലാളികളും പങ്കെടുത്തു. നോമ്പുതുറയും നമസ്കാരവും കഴിഞ്ഞ് മന്തി റൈസും കോഴിയും കട്ടൻചായയും. ഹൃദ്യം. ബാക്കി വന്ന ചോറ് ചിക്കൻ പീസ് സഹിതം ആവശ്യക്കാർക്ക് വീട്ടിലേക്ക് കൊണ്ടുപോകാൻ കൊടുത്തു. ഭക്ഷണം ഒട്ടും പാഴായില്ല എന്ന് സാരം.

ഒരു ദിവസം പട്ടണത്തിൽ ഹോട്ടലിൽ വെച്ചാണ് നോമ്പ് തുറന്നത്. ബാക്കി വന്ന ഭക്ഷണം പായ്ക്ക് ചെയ്ത് വീട്ടിലേക്ക് കൊണ്ടുപോയി. പലരും മാനക്കേടു ഭയന്ന് ഇങ്ങനെ ചെയ്യാറില്ല. ഭക്ഷണ വിഷയത്തിലുള്ള ഇസ്‌ലാമിന്റെ നിർദേശങ്ങളും കൽപനകളും മനസ്സിലാക്കിയാൽ ഒരു വറ്റുപോലും പാഴാക്കിക്കളയാൻ തോന്നില്ല.

വ്യക്തികളും വീട്ടുകാരും കുടുംബക്കാരും സംഘടനകളും ഇഫ്താർ സംഗമങ്ങൾ നടത്തുന്നു. സൗഹൃദം ഊട്ടിയുറപ്പിക്കാനിത് നല്ലതുതന്നെ. ഭക്ഷണം വേസ്റ്റ് ആകാതിരിക്കാൻ പ്രത്യേക ശ്രദ്ധ അനിവാര്യമാണ്. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ 'റമദാനിലെ ഗ്രീൻ പ്രോട്ടോക്കോൾ മാർഗരേഖ' പാലിക്കാൻ പരമാവധി ശ്രമിക്കുക.

പരിമിത സൗകര്യങ്ങളുള്ള വീടുകളിൽ നോമ്പുതുറ നടത്തുന്നത് സാഹസം തന്നെയാണ്. എല്ലാവർക്കും ഒരേസമയത്ത് നോമ്പ് തുറക്കാനും ഭക്ഷണം കഴിക്കാനുമുള്ള അവസരം ഒരുക്കുക വെല്ലുവിളിയാണ്. തിരക്കിൽ അവസാന അവസരം കിട്ടുന്ന വനിതകളുടെയും കുട്ടികളുടെയും കാര്യമാണ് കഷ്ടം. ഇക്കാര്യത്തിൽ ജാഗ്രത വേണം.

സാമ്പത്തിക പ്രയാസമില്ലാത്ത ഈ കാലത്തും കുട്ടിക്കാലത്തെ നോമ്പ് ഓർമയിൽ വരുന്നുണ്ട്. പഴങ്ങളും പത്തിരിയും ഇറച്ചിക്കറിയും സ്വപ്നം മാത്രമായിരുന്ന കാലം. രാത്രി ഫീൽഡ് ജോലിക്കിടയിൽ അത്താഴ നേരത്ത് ചൂടുള്ള ചായ കുടിക്കാൻ കൊതിച്ചത് ഓർമ വരുന്നു. അടുത്തൊന്നും ഒരു കട പോലും ഉണ്ടായിരുന്നില്ല. വൈകി ഓഫീസിൽനിന്ന് മടങ്ങുമ്പോൾ പാതവക്കത്തെ ചെറിയ നമസ്കാരപ്പള്ളികളിൽ നിന്ന് ഇടയ്ക്ക് നോമ്പ് തുറന്നത് ഓർക്കാറുണ്ട്. ഹൃദയസ്പർശിയായ ആതിഥ്യ മര്യാദയും അവിടെ അനുഭവിക്കാം.

കൈമെയ് മറന്ന് മറ്റുള്ളവരെ സഹായിക്കുന്ന കാലമാണ് വിശുദ്ധ റമദാൻ. അയൽപക്കത്തെ കഷ്ടപ്പെടുന്നവരെ കാണാതിരിക്കരുത്. ഇല്ല എന്ന് തോന്നുമെങ്കിലും നമുക്ക് ചുറ്റും അത്തരക്കാർ കുറച്ചെങ്കിലും ഉണ്ട് എന്നതാണ് സത്യം. കാണാനുള്ള കണ്ണ് വേണം എന്നു മാത്രം.

കുറച്ച് കൊല്ലമായി അടുത്തുള്ള അനാഥശാലയിലെ മക്കൾക്കൊപ്പം ഒരു ദിവസം നോമ്പ് തുറക്കാറുണ്ട്. നോമ്പ് തുറന്ന ശേഷം മുറ്റത്ത് കാറ്റേറ്റ് അവരോട് കുശലം പറഞ്ഞ് നിൽക്കുന്നത് ഹൃദ്യമാണ്. വീട്ടുവിശേഷങ്ങൾ കേൾക്കുന്നതോടൊപ്പം അവരുടെ ഭാവി സുരക്ഷിതമാക്കാൻ പ്രോത്സാഹനം നൽകാനും ഈ അവസരം ഉപയോഗിക്കാറുണ്ട്.

കഴിഞ്ഞ നോമ്പിൽ നമ്മുടെ കൂടെ ഉണ്ടായിരുന്ന ചിലരൊന്നും ഇന്നില്ല. അടുത്ത റമദാനിൽ ആരൊക്കെ ഉണ്ടാകും എന്നും നമുക്കറിയില്ല. നമ്മുടെ നോമ്പും ദാനധർമങ്ങളും രാത്രിനമസ്കാരവും ഖുർആൻ പാരായണവുമെല്ലാം റബ്ബ് സ്വീകരിക്കുമോ എന്നറിയില്ല. സ്വീകരിക്കണെ എന്ന പ്രാർഥന മറന്നുകൂടാ. എല്ലാം അറിയുന്ന റബ്ബിനോട് അകമഴിഞ്ഞ് പ്രാർഥിക്കാം. ഈ നോമ്പ് എല്ലാ അർഥത്തിലും സാർഥകമാകട്ടെ.

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676



# ലൈലതുൽ ക്വദ്ർ

## പ്രതീക്ഷകളുടെ പുണ്യരാവ്

മാനവരാശിയുടെ മോചനത്തിനായി അവതരിപ്പിക്കപ്പെട്ട വിശുദ്ധ ക്വുർആൻ റമദാൻ മാസത്തിലാണല്ലോ അവതരിപ്പിക്കപ്പെട്ടത്. സത്യത്തെയും അസത്യത്തെയും വിവേചിക്കുന്ന, മനുഷ്യകുലത്തെ ഇരുട്ടിൽനിന്നും വെളിച്ചത്തിലേക്ക് നയിക്കുന്ന, ലോകത്തിനു മുന്നിൽ അത്ഭുതങ്ങളുടെ കലവറയായി ഇന്നും അവശേഷിക്കുന്ന ക്വുർആൻ, റമദാൻ മാസത്തിലാണ് മുഹമ്മദ് നബി(സ്വ)ക്ക് ജിബ്‌രീൽ എന്ന മലക്ക് മുഖേന അല്ലാഹു നൽകിയത്.അത് ക്വുർആൻ വ്യക്തമാക്കുന്നത് ഇപ്രകാരമാണ്:

"ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതു

**ആയിരം മാസത്തെക്കാൾ ഉത്തമമായ, ജിബ്‌രീൽ അടക്കമുള്ള മലക്കുകൾ സ്രഷ്ടാവിന്റെ ഉത്തരവുമായി ഇറങ്ങിവരുന്ന ഭക്തി സാന്ദ്രവും ഏറ്റവും പുണ്യകരവുമായ ഒരു രാവിലേക്ക് നടന്നടുക്കുകയാണ് മാനവരാശി. ആരാധനാനിമഗ്നരായും പ്രതിഫലേച്ഛയോടെയും പ്രതീക്ഷകളോടെയും നമുക്ക് അതിനെ കാത്തിരിക്കാം.**

മായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമദാൻ''(2:185).

മുഹമ്മദ് നബി(സ്വ)ക്ക് വ്യത്യസ്ത സന്ദർഭങ്ങളിലായി 23 വർഷം കൊണ്ടാണ് ക്വുർആനിന്റെ അവതരണം പൂർത്തിയായത്. എന്നാൽ ക്വുർആൻ നേരത്തെ തന്നെ അല്ലാഹുവിന്റെ പക്കൽ ലൗഹുൽ മഹ്ഫൂദിൽ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. പിന്നീട് ഒരു പ്രത്യേക രാവിൽ ഒന്നാം ആകാശത്തേക്ക് അല്ലാഹു അതിനെ അവതരിപ്പിക്കുകയാണുണ്ടായത്.ആ രാവാണ് ലൈലതുൽ ക്വദ്ർ.

സൂറതുൽ ക്വദ്റിൽ നമുക്കിങ്ങനെ കാണാം: "തീർച്ചയായും നാം ഇതിനെ (ക്വുർആനിനെ) നിർണയത്തിന്റെ രാവിൽ (ലൈലതുൽ ക്വദ്റിൽ) അവതരിപ്പിച്ചിരിക്കുന്നു. ലൈലതുൽ ക്വദ്ർ എന്നാൽ എന്താണെന്ന് നിനക്കറിയാമോ?ലൈലത്തുൽ ക്വദ്ർ ആയിരം മാസത്തെക്കാൾ ഉത്തമമാണ്. മലക്കുകളും ജിബ്‌രീലും അവരുടെ രക്ഷിതാവിന്റെ എല്ലാ കാര്യത്തെ സംബന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങിവരും.പ്രഭാതോദയം വരെ അത് സമാധാനമത്രെ''(97:1-5).

ക്വുർആനിലെ മറ്റൊരു അധ്യായമായ ദുഖാനിൽ ഇപ്രകാരം കാണാം:

"ഹാമീം.സ്പഷ്ടമായ വേദഗ്രന്ഥം തന്നെയാണ് സത്യം. തീർച്ചയായും നാം അതിനെ ഒരു അനുഗൃഹീത രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. തീർച്ചയായും നാം മുന്നറിയിപ്പ് നൽകുന്നവനാകുന്നു.ആ രാത്രിയിൽ യുക്തിപൂർണമായ ഓരോ കാര്യവും വേർത്തിരിച്ചു വിവരിക്കപ്പെടുന്നു''(44:1-4).

മേൽസൂക്തങ്ങളിൽ പറയപ്പെട്ട രാവുകളെക്കുറിച്ച് പ്രാമാണിക ക്വുർആൻ വ്യാഖ്യാനങ്ങളിൽ വിശദീക രിക്കുന്നത് എപ്രകാരമാണെന്ന് നോക്കാം:

ഇബ്നു അബ്ബാസ്(റ)വും മറ്റും പറയുന്നു: "അല്ലാഹു ക്വുർആനിനെ മുഴുവനായും ലൗഹുൽ മഹ്ഫൂദിൽ നിന്നും ഒന്നാം ആകാശത്തെ ബൈതുൽ ഇസ്സത്തിലേക്ക് അവതരിപ്പിച്ചു. പിന്നീട് ഓരോ സംഭവങ്ങളുടെ അടിസ്ഥാനത്തിൽ 23 വർഷങ്ങളിലായി റസൂലിന് അതിനെ അവതരിപ്പിക്കുകയാണുണ്ടായത്'' (തഫ്സീർ ഇബ്നുകസീർ 97:1-5ന്റെ വ്യാഖ്യാനത്തിൽനിന്ന്).

## എന്താണ് ലൈലതുൽ ക്വദ്ർ?

ലൈലതുൽ ക്വദ്റിന് എന്ത് അർഥമാണ് നൽകേണ്ടത് എന്ന കാര്യത്തിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടായിട്ടുണ്ട്. 'ക്വദ്ർ' എന്ന പദത്തിന് അറബി ഭാഷയിൽ ഇടുക്കം, ബഹുമാനം, മതിപ്പ്, വിധി തുടങ്ങിയ അർഥങ്ങളുണ്ട്. ഇവയിൽ ഏത് അർഥവും യോജിച്ചുവരാവുന്നതുമാണ്. ഹാഫിദ് ഇബ്നുഹജറുൽ അസ്ക്വലാനി ബുഖാരിയുടെ വ്യാഖ്യാന ഗ്രന്ഥമായ ഫത്ഹുൽ

ബാരിയിൽ 'കിതാബു ഫദ്‌ലു ലൈലതിൽ ഖദ്‌റി'ന്റെ പ്രാരംഭത്തിൽ ഇതു സംബന്ധമായി വിശദീകരിക്കുന്നത് ശ്രദ്ധിക്കുക:

"ഈ രാവിലേക്ക് ചേർത്തു പറയുന്ന ഖദ്‌ർ എന്ന പദത്തിന്റെ ഉദ്ദേശ്യം എന്താണ് എന്ന കാര്യത്തിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. അവർ അല്ലാഹുവിനെ ബഹുമാനിക്കേണ്ടതു പ്രകാരം ബഹുമാനിച്ചില്ല (ക്വുർആൻ 6:91) എന്ന ആയത്തിൽ സൂചിപ്പിച്ച പോലെ 'തഅ്ളീം' അഥവാ 'ബഹുമാനം' എന്നാണ് ഒരു അർഥമെന്ന്പറയപ്പെട്ടിട്ടുണ്ട്. അതു പ്രകാരം ആ രാവ് ക്വുർആൻ അവതരിപ്പിക്കപ്പെടുക വഴി ആദരിക്കപ്പെട്ടുവെന്നോ അല്ലെങ്കിൽ മലക്കുകളുടെ സാന്നിധ്യംകൊണ്ടോ അനുഗ്രഹം, കാരുണ്യം, പാപമോചനം എന്നിവകൊണ്ടോ ബഹുമാനിക്കപ്പെട്ടു എന്നോ അർഥം കൽപിക്കാം.

സൂറതുത്ത്വലാക്വിലെ ഏഴാം വചനത്തിലെ 'വമൻ ക്വദറ അലയ്ഹി രിസ്‌ക്വുഹു' (ആരുടെയെങ്കിലും ഉപജീവനം ഇടുങ്ങിയ നിലയിലായെങ്കിൽ) എന്നതിലെ 'ക്വദറ'യുടെ അർഥപ്രകാരം 'ഇടുങ്ങിയത്' എന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് എന്നും പറയപ്പെട്ടിട്ടുണ്ട്.ഈ രാവ് ഏതാണെന്ന് ഗോപ്യമാക്കപ്പെട്ടതുകൊണ്ടോ അല്ലെങ്കിൽ മലക്കുകളുടെ ആധിക്യം കൊണ്ട് ഭൂമി ഇടുങ്ങിയതായിത്തീരുന്നതുകൊണ്ടോ ആവാം ഈ അർഥം ഉദ്ദേശിക്കപ്പെടുന്നത്.

മറ്റൊരു അഭിപ്രായം 'ഖദ്‌ർ' എന്ന പദത്തിലെ ദാലിന് സുകൂനിനു പകരം ഫതഹ് ആണ് എന്നുള്ളതാണ്.ഇതു പ്രകാരം 'ക്വദാഅ്' അഥവാ വിധി എന്ന അർഥമായിരിക്കും ലഭിക്കുക.

> ലൈലതുൽ ക്വദ്ർ എന്നാണെന്ന് നിർണയിക്കുവാൻ നമുക്ക് സാധ്യമല്ല.അവസാനത്തെ പത്തിലെ ഒറ്റയായി വരുന്ന രാവുകളിൽ അതിനെ പ്രതീക്ഷിക്കുക എന്ന പ്രാവചക നിർദേശത്തെ ഉൾക്കൊള്ളുകയല്ലാതെ മറ്റൊരു നിർവാഹവും നമ്മെ സംബന്ധിച്ചിടത്തോളം ഇല്ല. ലൈലതുൽ ക്വദ്ർ റമദാനിലെ ഇരുപത്തിയേഴാം രാവിൽ തന്നെയാണ് എന്ന് വിശ്വസിച്ച് വരുന്ന അനേകം പേരുണ്ട്. യഥാർഥത്തിൽ പ്രവാചകനിൽനിന്നും അത്തരമൊരു അഭിപ്രായം സ്വീകാര്യയോഗ്യമായി ഉദ്ധരിക്കപ്പെട്ടിട്ടില്ല.

നേരത്തെ ഉദ്ധരിച്ച സൂറതുദ്ദുഖാനിലെ നാലാം വചനത്തിൽ പറയപ്പെട്ട പോലെ 'ആ രാത്രിയിൽ യുക്തിപൂർണമായ ഓരോ കാര്യവും വേർതിരിച്ചു വിവരിക്കപ്പെടുന്നു' എന്നതിൽനിന്നും ഇതേ ആശയമാണല്ലോ ലഭിക്കുന്നത്. ഇമാം നവവി ഈ അഭിപ്രായം കൊണ്ടാണ് അദ്ദേഹത്തിന്റെ സംസാരം തുടങ്ങുന്നതുതന്നെ. അദ്ദേഹം പറയുന്നത് മേൽ വിവരിച്ച ആയത്തിന്റെ അടിസ്ഥാനത്തിൽ പണ്ഡിതന്മാർ പറയുന്നത് മലക്കുകൾ തീരുമാനങ്ങൾ എഴുതിവെക്കുന്നതിനാലാണ് ആ രാവിന് ലൈലതുൽ ഖദ്‌ർ എന്ന് നാമകരണം ചെയ്തിരിക്കുന്നത് എന്നാണ്.അബ്ദുറസാഖ് മുതലായ ക്വുർആൻ വ്യാഖ്യതാക്കൾ മുജാഹിദ്, ഇക്‌രിമ, ഖത്താദ തുടങ്ങിയവരിൽനിന്ന് സ്വീകാര്യമായ നിലയ്ക്ക് ഇക്കാര്യം ഉദ്ധരിച്ചിട്ടുണ്ട്" (ഫത്ഹുൽ ബാരി).

സ്വഹീഹ് മുസ്‌ലിമിന്റെ വ്യാഖ്യാന ഗ്രന്ഥമായ 'അൽമിൻഹാജ് ഫീ ശറഹി സ്വഹീഹി മുസ്‌ലിമി'ൽ ഇമാം നവവി ഇപ്രകാരമാണ് വിശദീകരിച്ചു തുടങ്ങുന്നത്:

"ആ വർഷത്തിലെ ഭക്ഷണം, ആയുസ്സ്, തീരുമാനങ്ങൾ മുതലായവ മലക്കുകൾക്ക് കാണിക്കപ്പെടുന്ന ദിനമായതുകൊണ്ടാണ് ലൈലതുൽ ഖദ്‌ർ എന്ന് നാമകരണം ചെയ്യപ്പെട്ടതെന്ന് പണ്ഡിതർ പറയുന്നു. 'ആ രാത്രിയിൽ യുക്തിപൂർണമായ ഓരോ കാര്യവും വേർതിരിച്ചു വിവരിക്കപ്പെടുന്നു' എന്നും 'മലക്കുകളും ജിബ്‌രീലും അവരുടെ രക്ഷിതാവിന്റെ എല്ലാ കാര്യത്തെ സംബന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങിവരും' എന്നും ക്വുർആൻ പറഞ്ഞു. അതിനർഥം ആ വർഷത്തിലെ കാര്യങ്ങൾ മലക്കുകൾക്ക് കാണിക്കപ്പെടുമെന്നും അവരുടെ ചുമതലകൾ ഇന്നവയാണെന്ന് നിർണയിക്കപ്പെടുമെന്നും ആയിത്തീരുന്നു. ഇതെല്ലാം അല്ലാഹുവിന്റെ മുൻ നിശ്ചയവും അറിവും വെച്ചുകൊണ്ടുതന്നെയാണ് സംഭവിക്കപ്പെടുന്നത്.ആ രാവ് ലോകാവസാനം വരെ നിലനിൽക്കുമെനനും സ്വഹീഹായ ഹദീസുകൾ



കൊണ്ട് സ്ഥിരപ്പെട്ടിരിക്കുന്നു"(ശറഹു മുസ്‌ലിം).

ചുരുക്കത്തിൽ, കാര്യങ്ങൾ നിർണയിക്കപ്പെടുന്ന രാവ്, അല്ലാഹുവിന്റെ മഹത്തായ കാരുണ്യവും പാപമോചനവും അനുഗ്രഹങ്ങളുംകൊണ്ടും വിശുദ്ധ ക്വുർആനിന്റെ അവതരണംകൊണ്ടും ആദരിക്കപ്പെട്ട രാവ്, മലക്കുകളുടെ ആധിക്യംകൊണ്ട് ഭൂതലം ഇടുങ്ങുന്ന രാവ് തുടങ്ങിയ വിശേഷണങ്ങളെല്ലാം ലൈലതുൽ ക്വദ്‌റിന് അനുയോജ്യമായി വരുന്നു.

**എന്നാണ് ലൈലതുൽ ക്വദ്ർ?**

കൃത്യമായി ഇന്ന ദിവസമായിരിക്കും ഓരോ വർഷവും ലൈലതുൽ ക്വദ്ർ എന്ന് നിശ്ചയിക്കാൻ ഒരു മാർഗവുമില്ല.അക്കാര്യം വിശദമാക്കുന്ന ക്വുർആൻ വചനമോ സ്വീകാര്യമായ പ്രവാചക വചനമോ ഇല്ല എന്നതാണ് അതിനു കാരണം. എന്നാൽ അതേസമയം അതിനെ പ്രതീക്ഷിക്കാവുന്ന ദിവസങ്ങളുടെ സൂചനകൾ പ്രവാചകർ(സ്വ) നൽകിയിട്ടുണ്ട്.റമദാനിലെ അവസാനത്തെ പത്തിൽ ഒറ്റയായി വരുന്ന രാവുകളിൽ അതിനെ അന്വേഷിക്കുവാനാണ് പ്രവാചകൻ(സ്വ) നമ്മോട് നിർദേശിച്ചിട്ടുള്ളത്.

ആഇശ(റ)യിൽനിന്നും ഉദ്ധരിക്കുന്നു. റസൂൽ(സ്വ) പറഞ്ഞു: "നിങ്ങൾ റമദാൻ അവസാനത്തെ പത്തിൽ ഒറ്റയായ രാവുകളിൽ ലൈലതുൽ ക്വദ്‌റിനെ അന്വേഷിക്കുക"(ബുഖാരി).

ഇബ്നു അബ്ബാസി(റ)ൽനിന്നും ഉദ്ധരിക്കുന്നു: "തീർച്ചയായും നബി(സ്വ) ഇപ്രകാരം പറഞ്ഞു: 'നിങ്ങളതിനെ (ലൈലതുൽ ക്വദ്‌റിനെ) റമദാൻ അവസാനത്തെ പത്തിൽ തിരയുക.അതായത് ഒമ്പത് ബാക്കിയുള്ളപ്പോൾ, ഏഴു ബാക്കിയുള്ളപ്പോൾ, അഞ്ചു ബാക്കിയുള്ളപ്പോൾ" (ബുഖാരി).

ഒരിക്കൽ നബി(സ്വ) എന്നാണ് ലൈലതുൽ ക്വദ്‌റെന്ന് സ്വഹാബത്തിനെ പഠിപ്പിക്കാൻ തുനിഞ്ഞതായിരുന്നു. പക്ഷേ, പിന്നീടാ അറിവ് മറക്കപ്പെടുകയും ഉയർത്തപ്പെടുകയുമാണുണ്ടായത്. ഇമാം ബുഖാരി ആ സംഭവം ഉദ്ധരിക്കുന്നത് ഇപ്രകാരമാണ്:



ഉബാദതുബ്നു സ്വാമിത്തി(റ)ൽനിന്ന് ഉദ്ധരിക്കുന്നു: "ലൈലതുൽ ക്വദ്‌റിനെക്കുറിച്ച് ഞങ്ങളെ അറിയിക്കുവാൻ നബി(സ്വ) ഒരിക്കൽ പുറപ്പെട്ടു. അപ്പോൾ മുസ്‌ലിംകളിൽപെട്ട രണ്ടുപേർ തമ്മിൽ ശണ്ഠ കൂടുകയുണ്ടായി. നബി(സ്വ) പറഞ്ഞു: 'ലൈലതുൽ ക്വദ്‌റിനെക്കുറിച്ച് നിങ്ങളെ അറിയിക്കുവാൻ വേണ്ടി ഞാൻ പുറപ്പെട്ടു. അപ്പോൾ ഇന്നവനും ഇന്നവനും തമ്മിൽ ശണ്ഠ കൂടുകയുണ്ടായി. അങ്ങനെ ആ വിജ്ഞാനം ഉയർത്തപ്പെട്ടു. ഒരു പക്ഷേ, അതു നിങ്ങൾക്ക് ഗുണകരമായിരിക്കാം.അതുകൊണ്ട് നിങ്ങൾ അതിനെ ഒമ്പതിലും ഏഴിലും അഞ്ചിലും അന്വേഷിക്കുക"(ബുഖാരി).

മേൽ ഉദ്ധരിച്ച ഹദീസുകളിൽ നിന്നും റമദാനിന്റെ അവസാനത്തെ പത്തിലെ 25, 27, 29 രാവുകളിലാണ് അതുണ്ടാവുക എന്നാണ് വ്യക്തമാകുന്നത്. എന്നാൽ 21, 23 രാവുകളെ സൂചിപ്പിച്ചുകൊണ്ടുള്ള ഹദീസുകളും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇമാം മുസ്‌ലിം അദ്ദേഹത്തിന്റെ സ്വഹീഹിൽ ഇപ്രകാരം ഉദ്ധരിക്കുന്നു: അബൂസഈദിൽ ഖുദ്‌രി(റ) ൽ നിന്ന് നിവേദനം: 'അദ്ദേഹം പറഞ്ഞു: റമദാനിലെ ആദ്യത്തെ പത്തിൽ നബി(സ്വ) ഇഅ്തികാഫ് ഇരിക്കുകയുണ്ടായി. തുടർന്ന് നടുവിലെ പത്തിലും ഇഅ്തികാഫിരുന്നു. ഒരു(ചെറിയ) തുർക്കി ഖുബ്ബയിലായിരുന്നു അദ്ദേഹം.

ഇമാം മുസ്‌ലിം തന്നെ ഇതേ സംഭവം അബ്ദുല്ലാഹിബ്നു ഉനൈസി(റ)വിൽനിന്ന് ഉദ്ധരിക്കുന്നുണ്ട്. (ഹദീസ് നമ്പർ 1168).പ്രസ്തുത ഹദീസിൽ ഇരുപത്തിയൊന്നാം രാവ് എന്നതിനു പകരം ഇരുപത്തി മൂന്നാം രാവ് എന്നാണ് വന്നിട്ടുള്ളത്.

ചുരുക്കത്തിൽ ലൈലതുൽ ഖദ്ർ എന്നാണെന്ന് നിർണയിക്കുവാൻ നമുക്ക് സാധ്യമല്ല.അവസാനത്തെ പത്തിലെ ഒറ്റയായി വരുന്ന രാവുകളിൽ അതിനെ പ്രതീക്ഷിക്കുക എന്ന പ്രാവചക നിർദേശത്തെ ഉൾക്കൊള്ളുകയല്ലാതെ മറ്റൊരു നിർവാഹവും നമ്മെ സംബന്ധിച്ചിടത്തോളം ഇല്ല.

**27ാം രാവും ലൈലതുൽ ഖദ്റും**

ലൈലതുൽ ഖദ്ർ റമദാനിലെ ഇരുപത്തിയേഴാം രാവിൽ തന്നെയാണ് എന്ന് വിശ്വസിച്ച് വരുന്ന അനേകം പേരുണ്ട്.യഥാർഥത്തിൽ പ്രവാചകനിൽനിന്നും അത്തരമൊരു അഭിപ്രായം സ്വീകാര്യയോഗ്യമായി ഉദ്ധരിക്കപ്പെട്ടിട്ടില്ല.അതേസമയം ഇമാം മുസ്‌ലിം അബൂഹുറയ്റ(റ)യിൽനിന്നും ഉദ്ധരിക്കുന്ന ഹദീസിൽ ഇപ്രകാരം കാണാം:

"ഞങ്ങൾ പ്രവാചക സന്നിധിയിൽ ലൈലതുൽ ഖദ്റിനെ അനുസ്മരിച്ചുകൊണ്ടിരുന്നു.അപ്പോൾ അദ്ദേഹം പറഞ്ഞു: 'ചന്ദ്രൻ ഉദിക്കുമ്പോൾ അത് ഒരു കിണ്ണത്തിന്റെ പകുതി പോലെയാവുന്നത് നിങ്ങളിൽ ആരെങ്കിലും സ്മരിക്കുന്നുണ്ടോ?" (മുസ്‌ലിം).

ഈ ഹദീസിൽ പരാമർശിച്ച ചന്ദ്രന്റെ സവിശേഷതകൾ ഇരുപത്തി ഏഴാം രാവിനാണെന്ന് അബുൽ ഹസൻ അൽഫാരിസി അഭിപ്രായപ്പെട്ടതായി അസ്ഖലാനി ഫത്ഹുൽ ബാരിയിൽ പറയുന്നുണ്ട്. അതേസമയം ഈ സവിശേഷതകൾ 27നു മാത്രമല്ല, അവസാനത്തെ പത്തിലെ എല്ലാ രാവുകൾക്കും ഉണ്ടെന്നതാണ് വാസ്തവം.

അതുപോലെ സ്വഹീഹ് മുസ്‌ലിമിൽ തന്നെ മറ്റൊരു സംഭവം ഉദ്ധരിക്കുണ്ട്. ഉബയ്യിബ്നുകഅ്ബ്(റ) ലൈലതുൽ ഖദ്ർ റമദാനിലെ അവസാനത്തെ പത്തിലെ ഇരുപത്തിയേഴാം രാവിലാണെന്ന് ആ ഹദീസിൽ പ്രസ്താവിക്കുന്നതായി കാണാം. എന്നാൽ ഏതടിസ്ഥാനത്തിലാണ് താങ്കൾ അങ്ങനെ പറയുന്നത് എന്ന ചോദ്യത്തിന് അദ്ദേഹം മറുപടി നൽകിയത് ഇപ്രകാരമാണ്: 'പ്രവാചകൻ(സ്വ) പറഞ്ഞ അടയാളങ്ങൾ കൊണ്ട്. അഥവാ കൂടുതൽ പ്രകാശിതമല്ലാത്ത ചന്ദ്രൻ എന്ന അടയാളം.' ഇവിടെ ലൈലതുൽ ഖദ്ർ ഇരുപത്തിയേഴാം രാവിലാണ് എന്ന് പ്രവാചകൻ(സ്വ) പറഞ്ഞു എന്ന് ഉബയ്യ്(റ) പറയുന്നില്ല. മറിച്ച് അദ്ദേഹം പ്രസ്താവിച്ച അടയാളങ്ങൽ ആപേക്ഷികമാണ് താനും.അത് മറ്റു രാവുകൾക്കും ഉണ്ടാവാം. അല്ലാഹുവിന്റെ പ്രീതി ലഭിക്കുന്ന പ്രവർത്തനങ്ങളിൽ വ്യാപൃതരാവുക എന്ന മഹത്തായ കാര്യമാണ് വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഈ ദിനങ്ങളിൽ നിർവഹിക്കാനുള്ളത്. ഈ രാവിന്റെ ക്ലിപ്തത ലഭ്യമാവാത്തത് മൂലം വിശ്വാസികൾക്ക് ദോഷങ്ങളെക്കാളും ഗുണങ്ങളാണുണ്ടാവുക എന്ന്പ്രവാചകൻ(സ്വ) വ്യക്തമാക്കിയത് നേരത്തെ സൂചിപ്പിച്ചുവല്ലോ. ഒരു ദിവസം മാത്രം കൂടുതൽ സൽകർമങ്ങൾ ചെയ്യുന്നതിനു പകരം കൂടുതൽ സൽകർമങ്ങൾ കൂടുതൽ ദിനരാത്രങ്ങളിൽ നിർവഹിക്കുവാൻ അതുമൂലം സാധിക്കും എന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ. ■

അതിന്റെ കവാടത്തിൽ ഒരു പായ ഉണ്ടായിരുന്നു.'അദ്ദേഹം (അബൂസഈദ്) പറഞ്ഞു: 'അദ്ദേഹം (നബി) പായ കൈയിലെടുത്ത് ഖുബ്ബയുടെ ഒരു ഭാഗത്ത് കൊണ്ടുപോയി വെച്ചു. എന്നിട്ട് തല പുറത്തിട്ടുകൊണ്ട് ജനങ്ങളോട് സംസാരിച്ചു. ആളുകൾ അദ്ദേഹത്തിന്റെ അടുത്തേക്ക് വന്നു.അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഈ രാവിനെ (ലൈലതുൽ ഖദ്റിനെ) തേടിക്കൊണ്ടാണ് ഞാൻ ആദ്യത്തെ പത്തിൽ ഇഅ്തികാഫ് ഇരുന്നത്. പിന്നീട് നടുവിലെ പത്തിലും ഇരുന്നു. പിന്നീട് അത് അവസാനത്തെ പത്തിലാണെന്ന് ഞാൻ അറിയിക്കപ്പെട്ടു. അതുകൊണ്ട് ആരെങ്കിലും എന്റെ കൂടെ ഇഅ്തികാഫ് ഇഷ്ടപ്പെടുന്നുവെങ്കിൽ അവർ ഇഅ്തികാഫ് ഇരുന്നുകൊള്ളട്ടെ.'അങ്ങനെ ജനങ്ങൾ അദ്ദേഹത്തിന്റെ കൂടെ ഇഅ്തികാഫ് ഇരുന്നു. അദ്ദേഹം (നബി) പറഞ്ഞു: 'എനിക്കത് ഒറ്റയായി വരുന്ന രാവായും അതിന്റെ പ്രഭാതത്തിൽ മഴ പെയ്തു വെള്ളത്തിലും ചെളിയിലും സുജൂദ് ചെയ്യുന്നതുമായിട്ടാണ് കാണിക്കപ്പെട്ടത്.' അങ്ങനെ ഇരുപത്തിയൊന്നാം രാവായി.നബി(സ്വ) സ്വുബ്ഹി നമസ്കാരം നിർവഹിക്കാൻ ആരംഭിച്ചു. അപ്പോൾ മഴ പെയ്യുകയും പള്ളി ചോർന്നൊലിക്കുകയും ചെയ്തു. വെള്ളവും കളിമണ്ണും ഞാൻ കണ്ടു. സ്വുബ്ഹി നമസ്കാരത്തിൽനിന്നും അദ്ദേഹം വിരമിച്ചതിനു ശേഷം അദ്ദേഹം പുറത്തു വന്നു.അദ്ദേഹത്തിന്റെ നെറ്റിത്തടത്തിലും മൂക്കിന്മേലും മണ്ണും വെള്ളവും പറ്റിയിരുന്നു.ആ സംഭവം അവസാനത്തെ പത്തിലെ ഇരുപത്തിയൊന്നാം രാവിലായിരുന്നു"(മുസ്‌ലിം).

ഡോ. ടി. കെ. യൂസുഫ്
: 9349798262



# രാത്രിനമസ്കാരത്തിന്റെ നേട്ടങ്ങൾ

കിയാമുല്ലെൽ എന്ന പേരിലറിയപ്പെടുന്ന രാത്രിനമസ്കാരം പ്രബലമായ ഒരു സുന്നത്താണ്, അതിലൂടെ മനുഷ്യന്റെ പാപങ്ങൾ പൊറുക്കപ്പെടുകയും ആവശ്യങ്ങൾ നിറവേറ്റപ്പെടുകയും പ്രാർഥനക്ക് ഉത്തരം നൽകപ്പെടുകയും രോഗങ്ങളും ദുരിതങ്ങളും നീങ്ങിപ്പോകുകയും പ്രതിഫലനാളിൽ പദവി ഉയരുകയും ചെയ്യും. സജ്ജനങ്ങൾക്കല്ലാതെ അത് അനുവർത്തിക്കാനാവുകയില്ല. അത് അവർക്ക് ആസ്വാദ്യകരവും അനുഭൂതിദായകവുമായ ഒന്നാണ്. നബി(സ്വ) പറഞ്ഞു: "നിങ്ങൾ രാത്രിനമസ്കാരം നിർവഹിക്കുക. അതുമുലം തെറ്റുകുറ്റങ്ങൾ പൊറുക്കപ്പെടും. പൂർവസൂരികളുടെ ചര്യയാണത്. ശരീരത്തിൽ നിന്നും അത് രോഗത്തെ അകറ്റും" (തിർമുദി).

രാത്രിനമസ്കാരത്തിലൂടെ പാപമോചനം മാത്രമല്ല, മനുഷ്യന്റെ ഭൗതിക ആവശ്യങ്ങളും നിറവേറ്റപ്പെടുകയും വിശ്വാസവും ഭക്തിയും വർധിക്കുകയും മനഃസമാധാനം കൈവരികയും ചെയ്യും. ഇത്തരം നേട്ടങ്ങൾ ആവശ്യമില്ലാത്തവരായി നമ്മിൽ ആരുമില്ല. രാത്രിയുടെ അന്ത്യയാമത്തിൽ ഏതാനും റക്അത്തുകൾ നമസ്കരിക്കുന്നതിലൂടെ ഈ നേട്ടങ്ങളല്ലാം സഫലീകരിക്കാനാവും. നബി(സ്വ) പറഞ്ഞു: "റബ്ബ് തന്റെ അടിയാനോട് ഏറ്റവും അടുക്കുന്നത് രാത്രിയുടെ അന്ത്യയാമത്തിലാണ്. രാത്രിയിൽ ആ സമയത്ത് അല്ലാഹുവിനെ സ്മരിക്കാൻ കഴിയുന്നവരുടെ കൂട്ടത്തിലായിത്തീരാൻ നിനക്ക് കഴിയുമെങ്കിൽ നീ അത് ചെയ്യുക"(തിർമുദി).

> ജീവിതത്തിൽ രോഗങ്ങൾ കൊണ്ടും പട്ടിണികൊണ്ടും സാമ്പത്തിക ഞെരുക്കങ്ങൾകൊണ്ടും പ്രയാസപ്പെടുന്നവർക്ക് ജനങ്ങളോട് ആവലാതി പറഞ്ഞ് സഹതാപം നേടുന്നതിലും ഭേദം രാത്രിയുടെ അന്ത്യയാമങ്ങളിൽ ഉറക്കമുണർന്ന് അംഗശുദ്ധി വരുത്തി ഭയഭക്തിയോടുകൂടി നമസ്കരിച്ച് വിനയാന്വിതനായി അല്ലാഹുവിന്റെ മുമ്പിൽ സങ്കടം ബോധിപ്പിക്കുകയാണ്. കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർഥിച്ചാൽ ഉത്തരം നൽകുന്നവനാണ് അല്ലാഹു

പ്രവാചകനോട് ഒരാൾ ചോദിച്ചു: "ഏതു സമയത്തെ പ്രാർഥനയാണ് ഏറ്റവും കൂടുതൽ കേൾക്കാനിടയുള്ളത്?" നബി(സ്വ) പറഞ്ഞു: "രാത്രിയുടെ അന്ത്യയാമത്തിലും നിർബന്ധനമസ്കാരങ്ങൾക്ക് പുറകെയും."

നബി(സ്വ) പറഞ്ഞു: "എല്ലാ

രാത്രിയിലും രാവിന്റെ മൂന്നിൽ ഒന്ന് അവശേഷിക്കുന്ന സമയത്ത് അല്ലാഹു ദുൻയാവിന്റെ ആകാശത്തിലേക്ക് ഇറങ്ങിവരും. എന്നിട്ട് അവൻ പറയും: 'ആരെങ്കിലും എന്നെ വിളിക്കുകയാണങ്കിൽ ഞാനവന് ഉത്തരം നൽകും, ആരെങ്കിലും എന്നോട് ചോദിക്കുകയാണങ്കിൽ ഞാനവന് നൽകും, ആരെങ്കിലും എന്നോട് പാപമോചനം തേടുകയാണങ്കിൽ ഞാനവന് പൊറുത്ത് കൊടുക്കും.' പ്രവാചകൻ (സ്വ) പറഞ്ഞു: 'അർധരാത്രിയിൽ ആകാശത്തിലെ വാതിലുകൾ തുറക്കപ്പെടും. അപ്പോൾ ഒരു വിളംബരം ചെയ്യുന്നവൻ ഇപ്രകാരം വിളിച്ച് പറയും: 'പ്രർഥിക്കുന്നവനുണ്ടോ? എങ്കിൽ അവന് ഉത്തരം ചെയ്യപ്പെടും! ചോദിക്കുന്നവനുണ്ടോ? എങ്കിൽ അവന് നൽകപ്പെടും! ദുരിതബാധിതനുണ്ടോ? ആശ്വാസം നൽകപ്പെടും! പ്രാർഥിക്കുന്ന ഒരു മുസ്‌ലിമും ഉത്തരം ചെയ്യപ്പെടാതെ അവശേഷിക്കുകയില്ല; അഭിസാരികക്കും അന്യായമായി ധനം തിന്നുന്നവനുമൊഴികെ."

ജീവിതത്തിൽ രോഗങ്ങൾകൊണ്ടും പട്ടിണികൊണ്ടും സാമ്പത്തിക ഞെരുക്കങ്ങൾകൊണ്ടും പ്രയാസപ്പെടുന്നവർക്ക് ജനങ്ങളോട് ആവലാതി പറഞ്ഞ് സഹതാപം നേടുന്നതിലും ഭേദം രാത്രിയുടെ അന്ത്യയാമങ്ങളിൽ ഉറക്കമുണർന്ന് അംഗശുദ്ധി വരുത്തി ഭയഭക്തിയോടുകൂടി നമസ്കരിച്ച് വിനയാന്വിതനായി അല്ലാഹുവിന്റെ മുമ്പിൽ സങ്കടം ബോധിപ്പിക്കുകയാണ്. കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർഥിച്ചാൽ ഉത്തരം നൽകുന്നവനാണ് അല്ലാഹു (ക്വുർആൻ 27:62).

രാത്രിനമസ്കാരം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യാനുള്ള വിലപ്പെട്ട അവസരമാണ്. നന്ദി ചെയ്യുന്നത് അനുഗ്രഹം വർധിക്കാനുള്ള ഒരു ഉപാധി കൂടിയാണല്ലോ. നബി(സ്വ) പാദങ്ങളിൽ നീരു വരുന്നതുവരെ രാത്രിയിൽ നമസ്കരിച്ചിരുന്നു. താങ്കളുടെ സകല പാപങ്ങളും പൊറുക്കപ്പെട്ടിരിക്കെ എന്തിനിത്ര കഷ്ടപ്പെടണം എന്ന ചോദ്യത്തിന് 'ഞാൻ നന്ദിയുള്ള ഒരു അടിമയാകേണ്ടതില്ലേ' എന്നായിരുന്നു പ്രവാചകന്റെ മറുപടി. ഈ സംഭവം രാത്രി നമസ്കാരം കൃതജ്ഞതയുടെ പ്രകടനം കൂടിയാണ് എന്നാണ് സൂചിപ്പിക്കുന്നത്.

തിന്മകളിൽ മുഴുകി ജീവിക്കുന്നവർക്ക് പലപ്പോഴും രാത്രിയിൽ എഴുന്നേറ്റ് നമസ്കരിക്കാൻ മനസ്സുവരികയില്ല. പകൽ സമയത്ത് അല്ലാഹുവിനെ അനുസരിക്കുന്നവർക്ക് മാത്രമെ രാത്രിയിലും അത് നിർവഹിക്കാൻ സാധിക്കുകയുള്ളൂ. ■



റാഷിദ ബിൻത് ഉസ്മാൻ

# 'വിവരമില്ലാത്ത ഉമ്മ!'

സർക്കാർ ജോലിക്കാരനായ അഹ്മദിന്റെയും ഫാത്വിമയുടെയും മകളാണ് സൈനബ്. പഠനത്തിൽ വളരെ മിടുക്കിയും സ്കൂളിന്റെ അഭിമാനവുമാണവൾ. എല്ലാത്തിലും അവളെ സഹായിച്ചിരുന്നത് അവളുടെ ഉമ്മയാണ്. എന്നാൽ പോകെ പോകെ അവളുടെ സ്വഭാവത്തിൽ ചില മാറ്റങ്ങൾ വന്നുതുടങ്ങി. പഴയതുപോലെ സ്കൂളിലെ വിശേഷങ്ങളോ പാഠഭാഗങ്ങളിലെ സംശയങ്ങളോ ഒന്നും ഉമ്മയോട് പറയാതായി. അവളുടെ ഈ മാറ്റം അവളുടെ ഉമ്മയെ വളരെ വിഷമിപ്പിച്ചിരുന്നു. അഹ്മദും അവളുടെ ഈ മാറ്റം ശ്രദ്ധിച്ചിരുന്നു.

അവളുടെ അടുത്ത സുഹൃത്തുക്കളുടെ മാതാപിതാക്കളെല്ലാം ജോലിക്ക് പോകുന്നവരും ഉയർന്ന ശമ്പളം വാങ്ങുന്നവരുമായിരുന്നു. എന്നാൽ അവളുടെ ഉമ്മയാകട്ടെ ജോലിക്ക് പോകാതെ വീട്ടിലെ കാര്യങ്ങൾ മാത്രം നോക്കി നടത്തുന്നു. വിദ്യാഭ്യാസവും ജോലിയും വരുമാനവുമില്ലാത്ത ഉമ്മയോട് അവളുടെ മനസ്സിൽ ഇഷ്ടക്കുറവ് തോന്നിത്തുടങ്ങി.

ഒരുദിവസം ജോലി കഴിഞ്ഞെത്തിയ അഹ്മദ്



കേൾക്കുന്നത് മകളുടെ ഉച്ചത്തിലുള്ള സംസാരമാണ്: "നിങ്ങൾ എന്തിനാണ് ഇതിലൊക്കെ ഇടപെടുന്നത്? ഇതൊന്നും നിങ്ങൾക്ക് മനസ്സിലാകുന്ന കാര്യങ്ങളല്ല, നിങ്ങൾ പോയി അടുപ്പത്തെ പണി നോക്ക്. ഇതൊക്കെ മനസ്സിലാകണമെങ്കിൽ കുറച്ചെങ്കിലും വിവരം വേണം."

"സൈനബ്, നീ എന്തൊക്കെയാണ് ഈ പറയുന്നത്?" അഹ്മദ് വളരെ ദേഷ്യത്തോടെ ചോദിച്ചു.

"ഉപ്പാ, ഞാൻ പറയുന്നത് ശരിയല്ലേ?" സൈനബ് ചോദിച്ചു.

"മോളേ, നീ നിന്റെ ഉമ്മയെക്കുറിച്ചാണീ പറയുന്നത് എന്ന് നിനക്ക് ഓർമ വേണം. നിന്റെ ഉമ്മ വിദ്യാഭ്യാസമില്ലാത്തവളാണെന്നാണോ നിന്റെ വിചാരം?"

ഇതും പറഞ്ഞ് അയാൾ മകളുടെ കൈപിടിച്ച് ഒരു റൂമിലേക്ക് കൊണ്ടുപോയി. മേശ തുറന്ന് പൊടി പിടിച്ച ഒരു പഴയ ഫയൽ എടുത്ത് അവളുടെ മുന്നിലേക്ക് ഇട്ടുകൊണ്ട് പറഞ്ഞു:

"ഇതാ, ഇതൊന്ന് തുറന്നു നോക്ക്."

കൗതുകത്തോടെ അവൾ അത് തുറന്നുനോക്കി. ഒരുപാട് സർട്ടിഫിക്കറ്റുകളായിരുന്നു അതിലുണ്ടാ യിരുന്നത്. എല്ലാം തന്നെ ഉയർന്ന റാങ്കിലുള്ളവ. ആ സർട്ടിഫിക്കറ്റുകളിൽ എഴുതിയിരുന്ന ഫാത്തിമ എന്ന പേരു കണ്ട് അവൾക്ക് അവളുടെ കണ്ണുകളെ വിശ്വസിക്കാനായില്ല.

"ഇതെല്ലാം തന്നെ നിന്റെ ഈ വിവരമില്ലാത്ത ഉമ്മയുടെതാണ്" അഹ്മദ് അൽപം രോഷത്തോടെ പറഞ്ഞു.

"ഒരു കമ്പനിയിൽ ഉയർന്ന ജോലി കിട്ടിയ സമയത്താണ് നിന്നെ നിന്റെ ഉമ്മ ഗർഭം ധരിക്കുന്നത്. അതോടെ അവൾ ആ ജോലി ഉപേക്ഷിക്കുകയായിരുന്നു. ഞാൻ വേണ്ടെന്നു പറഞ്ഞിട്ടും എന്റെ കുട്ടിയെ നോക്കാൻ എനിക്കു സമയം കിട്ടാതെ പോകുമെന്ന് പറഞ്ഞ് അവൾ ആ തീരുമാനത്തിൽ ഉറച്ചുനിന്നു. താൻ ഒരു നല്ല ഉമ്മയല്ലാതാകുമോ എന്ന ഭയമായിരുന്നു അവൾക്ക്. പിന്നീട് അവൾ സ്വപ്നം കണ്ടത് മുഴുവൻ നിനക്കു വേണ്ടിയാണ്. നിനക്ക് ഒരു അനുജനും അനുജത്തിയുമുണ്ടായപ്പോൾ പിന്നെ അവർക്കു വേണ്ടികൂടിയാണ്. ഇനി അവൾക്ക് വിദ്യാഭാസമില്ലാതിരുന്നെങ്കിൽ പോലും നിനക്ക് അവളെ തള്ളിപ്പറയാൻ അർഹതയുണ്ടോ? ഊണും ഉറക്കവും ഉപേക്ഷിച്ചു നിങ്ങൾ മക്കളെ നോക്കി വളർത്തിയത് ഇതിനാണോ?" ഇതെല്ലാം കേട്ട് സ്തംഭിച്ച് നിൽക്കുകയായിരുന്ന സൈനബിന്റെ കണ്ണുകൾ നിറഞ്ഞു തുടങ്ങിയിരുന്നു.

"ഉമ്മയോടും ഉപ്പയോടുമുള്ള കടമകളും കടപ്പാടുകളും എന്തെല്ലാമാണെന്ന് ഇസ്‌ലാം പഠിപ്പിച്ചിട്ടുണ്ട്. അതെല്ലാം നീ മദ്റസയിൽനിന്നും സിആർഇ ക്ലാസ്സിൽനിന്നും മറ്റും പഠിച്ചു മനസ്സിലാക്കിയിട്ടുമുണ്ട്. എന്നിട്ടും ഉമ്മാന്റെ മുഖത്തു നോക്കി അപമാനിക്കുന്ന വാക്കുകൾ പറയാൻ നിനക്കെങ്ങനെ കഴിഞ്ഞു?" അഹ്മദിന് ദേഷ്യവും സങ്കടവും അടക്കാനായില്ല.

ഇതെല്ലാം കേട്ട് നിന്ന സൈനബ് പൊട്ടിക്കരഞ്ഞുകൊണ്ട് ഉമ്മയുടെ അടുത്തേക്ക് ഓടി.

"എന്നോട് ക്ഷമിക്കണേ ഉമ്മാ..." അവൾ ഉമ്മയെ കെട്ടിപ്പിടിച്ചുകൊണ്ട് പൊട്ടിക്കരഞ്ഞു. ഉമ്മ കണ്ണുനീർ തുടച്ചുകൊണ്ട് അവളെ തന്റെ നെഞ്ചോട് ചേർത്തു പിടിച്ചു. ഈ രംഗം കണ്ട് അഹ്മദിന്റെ കണ്ണുകളും ഈറനണിഞ്ഞു. ■

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി
: 98467 97157



# ഫിത്വ്ർ സകാത്ത്;
## സംശയനിവാരണം

**1. എന്താണ് ഫിത്ര്‍ സകാത്ത്?**

റമദാനിന്റെ അവസാനത്തോടുകൂടി ഒരാൾക്ക് ഒരു സ്വാഅ് എന്ന തോതിൽ പാവപ്പെട്ടവർക്കായി ഒരു വിശ്വാസി വിതരണം ചെയ്യുന്ന ഭക്ഷണത്തിനാണ് ഫിത്ര്‍ സകാത്ത് (സകാത്തുൽ ഫിത്ര്‍) എന്നു പറയുന്നത്.

**2. ഫിത്ര്‍ സകാത്ത് ആർക്കാണ് നിർബന്ധം?**

എല്ലാ മുസ്‌ലിംകൾക്കും നിർബന്ധമാണ്. തന്റെയും തന്റെ ചെലവിന് കീഴിൽ ജീവിക്കുന്നവരുടെയും സകാത്തുൽ ഫിത്ര്‍ ഒരു വിശ്വാസി നൽകൽ നിർബന്ധമാണ്. അബ്ദുല്ലാഹിബ്നു ഉമർ(റ) പറഞ്ഞു: "മുസ്‌ലിംകളിൽ പെട്ട സ്വതന്ത്രൻ, അടിമ, സ്ത്രീ, പുരുഷൻ, ചെറിയവൻ, വലിയവൻ എന്നിവരുടെ മേൽ ഒരു സ്വാഅ് കാരക്ക, അല്ലെങ്കിൽ ഒരു സ്വാഅ് ബാർലി എന്നതോതിൽ നബി(സ) ഫിത്ര്‍ സകാത്ത് നിർബന്ധമാക്കി" (ബുഖാരി, മുസ്‌ലിം).

റമദാനിന്റെ അവസാനദിവസം സൂര്യൻ അസ്തമിക്കുമ്പോൾ ജീവിച്ചിരിക്കുന്നവർക്കാണ് ഇത് നിർബന്ധം. അതിനാൽ ഗർഭസ്ഥശിശുവിന് സകാത്തുൽ ഫിത്വ്ർ നിർബന്ധമില്ല. അതുപോലെ അസ്തമയത്തിന് മുമ്പ് മരണപ്പെട്ടവർ, അസ്തമയത്തിന് ശേഷം പിറന്ന കുഞ്ഞ് എന്നിവരുടെമേലും നിർബന്ധമില്ല.

**3. സകാത്തുൽ ഫിത്വ്റിലെ യുക്തിയെന്താണ്?**

പെരുന്നാൾ ദിവസം ദരിദ്രർ യാചിക്കാതെ തന്നെ സന്തോഷത്തിലും ആനന്ദത്തിലും സമ്പന്നരോടൊപ്പം പങ്കെടുക്കേണ്ടതുണ്ട്. അതിനാൽ ദരിദ്രരോടുള്ള അനുകമ്പയാണ് സകാത്തുൽ ഫിത്വ്ർ. നോമ്പിൽ സംഭവിച്ചിരിക്കുന്ന ന്യൂനതകൾ ഇവമൂലം പരിഹരിക്കപ്പെടുന്നു. പിശുക്ക് പോലുള്ള മാനസിക ദുർഗുണങ്ങളെ അത് ഇല്ലാതാക്കുന്നു. റമദാനിലെ നോമ്പ് പരിപൂർണമാവാനും രാത്രി നമസ്കാരങ്ങളും മറ്റു സൽകർമങ്ങളും ചെയ്യുവാനും അല്ലാഹു അനുഗ്രഹിച്ചതിനാൽ അല്ലാഹുവോടുള്ള ഒരു നന്ദിപ്രകടനവുമാണിത്. മുസ്‌ലിം സമൂഹത്തിനിടയിൽ ഇതുമൂലം ഐക്യവും സ്നേഹവും ഉടലെടുക്കുന്നു.

പെരുന്നാൾ ദിവസം ദരിദ്രർ യാചിക്കാതെ തന്നെ സന്തോഷത്തിലും ആനന്ദത്തിലും സമ്പന്നരോടൊപ്പം പങ്കെടുക്കേണ്ടതുണ്ട്. അതിനാൽ ദരിദ്രരോടുള്ള അനുകമ്പയാണ് സകാത്തുൽ ഫിത്വ്ർ. നോമ്പിൽ സംഭവിച്ചിരിക്കുന്ന ന്യൂനതകൾ ഇവമൂലം പരിഹരിക്കപ്പെടുന്നു. പിശുക്ക് പോലുള്ള മാനസിക ദുർഗുണങ്ങളെ അത് ഇല്ലാതാക്കുന്നു. റമദാനിലെ നോമ്പ് പരിപൂർണമാവാനും രാത്രി നമസ്കാരങ്ങളും മറ്റു സൽകർമങ്ങളും ചെയ്യുവാനും അല്ലാഹു അനുഗ്രഹിച്ചതിനാൽ അല്ലാഹുവോടുള്ള ഒരു നന്ദിപ്രകടനവുമാണിത്. മുസ്‌ലിം സമൂഹത്തിനിടയിൽ ഇതുമൂലം ഐക്യവും സ്നേഹവും ഉടലെടുക്കുന്നു.

ഇബ്നു അബ്ബാസ്(റ) പറഞ്ഞു: "ദരിദ്രനുള്ള ഭക്ഷണമായും അശ്ലീല, വ്യർഥ സംസാരങ്ങളിൽനിന്ന് നോമ്പുകാരനെ ശുദ്ധീകരിക്കുന്നതിനും വേണ്ടി റസൂൽ(സ്വ) സകാത്തുൽ ഫിത്വ്ർ നിർബന്ധമാക്കി. ആരെങ്കിലും പെരുന്നാൾ നമസ്കാരത്തിന് മുമ്പ് അത് നിർവഹിച്ചാൽ അത് സ്വീകാര്യയോഗ്യമായ സകാത്തായി. പെരുന്നാൾ നമസ്കാരത്തിന് ശേഷമാണ് അത് നൽകുന്നതെങ്കിൽകേവലം ഒരു ധർമം മാത്രമാകും" (അബൂദാവൂദ്, ഇബ്നുമാജ).

**4. ഫിത്വ്ർ സകാത്തായി എന്താണ് നൽകേണ്ടത്? എത്രയാണ് നൽകേണ്ടത്?**

സാധാരണയായി മനുഷ്യർ ഭക്ഷിക്കുന്ന ആഹാര വസ്തുക്കളാണ് സകാത്തുൽ ഫിത്വ്റായി നൽകേണ്ടത്.

അബൂസഈദിൽ ഖുദ്‌രി(റ) പറഞ്ഞു: "ഞങ്ങൾ നബി(സ്വ)യുടെ കാലത്ത് ഒരു സ്വാഅ് ഭക്ഷണമാണ് സകാത്തുൽ ഫിത്വ്റായി നൽകിയിരുന്നത്. ഞങ്ങളുടെ ഭക്ഷണം ബാർലി, ഉണക്കമുന്തിരി, കാരക്ക, പാൽക്കട്ടി എന്നിവയായിരുന്നു"(ബുഖാരി).

പെരുന്നാൾ ദിവസത്തെ ചെലവു കഴിച്ച് മിച്ചമുള്ള ആളുകളാണ് ഇത് നിർവഹിക്കേണ്ടത്. ഒരാൾക്ക് ഒരു സ്വാഅ് എന്ന തോതിലാണ് സകാത്തുൽ ഫിത്വ്ർ നൽകേണ്ടത്. ഒരു സാധരണക്കാരൻ ഇരു കൈകൾ കൊണ്ടും നാല് പ്രാവശ്യം കോരിയാൽ കിട്ടുന്നതാണ് ഒരു സ്വാഅ്. അരിയാണെങ്കിൽ ഏകദേശം രണ്ടര കിലോ ആയിരിക്കും.

**5. സകാത്തുൽ ഫിത്വ്ർ വിതരണം ചെയ്യേണ്ട സമയം എപ്പോഴാണ്?**

ശ്രേഷ്ഠമായ സമയം, അനുവദനീയമായ സമയം എന്നീ രണ്ട് സമയങ്ങൾ ഉണ്ട്. റമദാനിന്റെ അവസാന ദിവസം സൂര്യൻ അസ്തമിച്ചത് മുതൽ പെരുന്നാൾ നമസ്കാരം വരെയാണ് ഉത്തമമായ സമയം. ഇബ്നു ഉമറിൽ(റ)നിന്നും മുസ്‌ലിം ഉദ്ധരിക്കുന്ന ഹദീസിൽ ജനങ്ങൾ നമസ്കാരത്തിന് പോകുന്നതിന് മുമ്പായി സകാത്തുൽ ഫിത്വ്ർ വിതരണം ചെയ്യാൻ നബി(സ്വ) കൽപിച്ചതായി കാണാം. പെരുന്നാളിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പ് വിതരണം ചെയ്യുന്നതാണ് അനുവദനീയമായ സമയം. ഇബ്നു ഉമർ(റ) പെരുന്നാളിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പുതന്നെ വിതരണം ചെയ്യാറുണ്ടായിരുന്നുവെന്ന് സ്വഹീഹുൽ ബുഖാരിയിൽ കാണാം. പെരുന്നാൾ നമസ്കാര ശേഷം വിതരണം ചെയ്താൽ അത് സ്വീകാര്യയോഗ്യമാവില്ല. മുമ്പ് സൂചിപ്പിച്ച ഇബ്നു അബ്ബാസി(റ)ന്റെ ഹദീസിൽനിന്നും ആ കാര്യം വ്യക്തമാണ്.

**6. സകാത്തുൽ ഫിത്ർ ആർക്കാണ് നൽകേണ്ടത്?**

പാവപ്പെട്ടവരാണ് അതിന്റെ അവകാശികൾ. നോമ്പുകാരന്റെ ശുദ്ധീകരണത്തിനും പാവപ്പെട്ടവന്റെ ഭക്ഷണവുമായിട്ടാണ് റസൂൽ(സ്വ) സകാത്തുൽ ഫിത്ർ നിർബന്ധമാക്കിയത്.

**7. സകാത്തുൽ ഫിത്ർ പണമായി വിതരണം ചെയ്യാമോ?**

അനുവദനീയമല്ല, കാരണം അത് നബി(സ്വ)യുടെ കൽപനക്കും സ്വഹാബിമാരുടെ ചര്യക്കും വിപരീതവുമാണ്. നബി(സ്വ)യുടെയും സ്വഹാബത്തിന്റെയും കാലത്ത് നാണയങ്ങൾ നിലവിലുണ്ടായിരുന്നു. എന്നിട്ടും അവർ ഭക്ഷണസാധനങ്ങളാണ് സകാത്തുൽ ഫിത്റായിനൽകിയിരുന്നത്. എന്നാൽ പ്രവാചക കൽപനകൾക്കനുസരിച്ച് ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്നവർ ഉണ്ടെങ്കിൽ നമ്മുടെ സകാത്തുൽ ഫിത്റിന്റെ തുക അവരെ ഏൽപിക്കാവുന്നതാണ്.

**8. സകാത്തുൽ ഫിത്ർ എവിടെയാണ് വിതരണം ചെയ്യേണ്ടത്?**

സകാത്തുൽ ഫിത്ർ കൊടുക്കുന്നവൻ എവിടെയാണോ താമസിക്കുന്നത് ആ നാട്ടിലുള്ള ദരിദ്രർക്കാണ് നൽകേണ്ടത്. മറ്റ് സ്ഥലങ്ങളിലേക്ക് അത് നൽകിയാൽ നിശ്ചിത സമയത്ത് നിർവഹിക്കാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. നബി(സ്വ)യുടേയോ ഖുലഫാഉർറാശിദീങ്ങളുടെയോ കാലത്ത് മദീനയിൽ നിന്ന് മറ്റേതെങ്കിലും സ്ഥലത്തേക്ക് സകാത്തുൽ ഫിത്ർ അയച്ചുകൊടുത്തതായി അറിയില്ല. ■





ശമീർ മദീനി
: 9048 221 212

# സൗമ്യതയുടെ സൗരഭ്യം

സൗമ്യത എന്നത് അല്ലാഹുവിന്റെ ഒരു വിശേഷണമാണ്. അല്ലാഹു നമ്മോട് ഏറെ കനിവും സൗമ്യതയും കാരുണ്യവും ഉള്ളവനാണ്. അവന്റെ നിയമങ്ങളും ശാസനകളും പരിശോധിച്ചാൽ എമ്പാടും നമുക്കത് കാണാൻ കഴിയും. അവൻ നിർബന്ധമാക്കിയ കാര്യങ്ങളും നിഷിദ്ധമാക്കിയ കാര്യങ്ങളും ഒറ്റയടിക്ക് നടപ്പിലാക്കുന്നതിന് പകരം പല ഘട്ടങ്ങളിലൂടെ പടിപടിയായി പൂർത്തീകരിച്ച ചരിത്രങ്ങളാണ് നമുക്ക് കാണുവാൻ സാധിക്കുക. അപ്രകാരം തന്നെ ആരാധനാകർമങ്ങളിലും മറ്റും മനുഷ്യർക്കുണ്ടാകുന്ന പ്രയാസങ്ങളെയും പ്രായോഗിക ബുദ്ധിമുട്ടുകളെയും പരിഗണിച്ചുകൊണ്ട് പലതരം ഇളവുകളും മതം നൽകുന്നത് നമുക്ക് കാണാൻ കഴിയുന്നതാണ്.

സൗമ്യതയും ആർദ്രതയുമുള്ള, അഥവാ മനുഷ്യപ്പറ്റുള്ള പ്രവാചകനെ നിയോഗിച്ചതും ആ കാരുണ്യത്തിന്റെയും കനിവിന്റെയും ഭാഗമാണ്.

അല്ലാഹു പറയുന്നു: "തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽനിന്നുതന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും നിങ്ങളുടെ കാര്യത്തിൽ അതീവതാൽപര്യമുള്ളവനും, സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം" (9:128).

കുടുംബങ്ങളിലും സുഹൃദ്ബന്ധങ്ങളിലും വിള്ളലില്ലാതെ, ബന്ധങ്ങൾ ഊഷ്മളമായി നിലനിർത്തണമെങ്കിൽ ആർദ്രത, സൗമ്യത എന്നീ വിശിഷ്ട ഗുണങ്ങൾ നമ്മളും ആർജിക്കേണ്ടതുണ്ട്. കഠിനഹൃദയവും പരുക്കൻ സ്വഭാവവുമാണ് ഒരാൾക്കുള്ളതെങ്കിൽ തീർച്ചയായും നല്ല ബന്ധങ്ങൾ സൂക്ഷിക്കുവാൻ അയാൾക്ക് സാധിക്കുകയില്ല. അതിനാൽ ആർദ്രത സ്വഭാവഗുണമായി സ്വീകരിക്കാൻ പ്രവാചകൻ(സ്വ) ഉൽബോധിപ്പിക്കുകയും ഹൃദയകാഠിന്യം ഇല്ലാതാക്കി സൗമ്യത നേടിയെടുക്കാൻ വേണ്ട പല കാര്യങ്ങളും നിർദേശിച്ചിക്കുകയും ചെയ്തിട്ടുണ്ട്. അനാഥയുടെ ശിരസ്സ് തടവാനും സാധുക്കൾക്ക് ഭക്ഷണം നൽകുവാനുമൊക്കെ പഠിപ്പിച്ച പ്രവാചകൻ(സ്വ) അത് മനസ്സിനെ നിർമലമാക്കും എന്നുകൂടി ചേർത്തു പറഞ്ഞത് ശ്രദ്ധേയമാണ്.

സൽസ്വഭാവങ്ങളുടെ മഹത്ത്വം പറഞ്ഞ നിരവധി പ്രവാചകവചനങ്ങളുണ്ട്. ഏറ്റവും നല്ല സ്വഭാവം നൽകി അനുഗ്രഹിക്കാനായി പടച്ചവനോട് പ്രാർഥിക്കാൻ പ്രത്യേകം നിർദേശിക്കുന്ന പ്രവാചകവചനങ്ങളും കാണുവാൻ സാധിക്കും.

നബി(സ്വ) പറഞ്ഞു: "തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങളിലും സൗമ്യത ഇഷ്ടപ്പെടുന്നു. മറ്റൊന്നിനും നൽകപ്പെട്ടിട്ടില്ലാത്ത പല നന്മകളും ഗുണങ്ങളും സൗമ്യത എന്ന സ്വഭാവത്തിന് അല്ലാഹു നൽകിയിട്ടുണ്ട്" (മുസ്‌ലിം).

നബി(സ്വ)യുടെ ഒരു പ്രത്യേകതയായി വിശുദ്ധ ക്വുർആൻ എടുത്തു പറയുന്നത് ഈ സ്വഭാവ മഹിമയാണ്: "(നബിയേ,) അല്ലാഹുവിങ്കൽനിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽനിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു..." (3:159).

> ആർദ്രത സ്വഭാവഗുണമായി സ്വീകരിക്കാൻ പ്രവാചകൻ (സ്വ) ഉൽബോധിപ്പിക്കുകയും ഹൃദയകാഠിന്യം ഇല്ലാതാക്കി സൗമ്യത നേടിയെടുക്കാൻ വേണ്ട പല കാര്യങ്ങളും നിർദേശിച്ചിക്കുകയും ചെയ്തിട്ടുണ്ട്. അനാഥയുടെ ശിരസ്സ് തടവാനും സാധുക്കൾക്ക് ഭക്ഷണം നൽകുവാനുമൊക്കെ പഠിപ്പിച്ച പ്രവാചകൻ (സ്വ) അത് മനസ്സിനെ നിർമലമാക്കും എന്നുകൂടി ചേർത്തു പറഞ്ഞത് ശ്രദ്ധേയമാണ്.

അതിന്റെ ജീവിത സാക്ഷ്യങ്ങളായി പല സംഭവങ്ങളും ചരിത്രത്തിൽ നമുക്ക് കാണുവാൻ സാധിക്കും. ഒരിക്കൽ അബ്ബാദ് ബിൻ ശുറഹ്ബീൽ(റ) എന്ന വ്യക്തി ദാരിദ്ര്യവും പട്ടിണിയും കൊണ്ട് വലഞ്ഞപ്പോൾ മദീനയിലെ ഒരു തോട്ടത്തിൽ കടന്നു ധാന്യക്കുലകൾ പറിച്ചെടുക്കുകയും കുറച്ച് ഭക്ഷിച്ചതിനുശേഷം ബാക്കിയുള്ള ധാന്യങ്ങൾ തന്റെ വസ്ത്രത്തിൽ പൊതിഞ്ഞ് എടുക്കുകയും ചെയ്തു. ആ സന്ദർഭത്തിൽ തോട്ടത്തിന്റെ ഉടമ അദ്ദേഹത്തെ കാണുകയും പിടികൂടുകയും മർദിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ വസ്ത്രം പിടിച്ചുവെച്ചു. ഈ വിവരം പ്രവാചകനോട് അദ്ദേഹം പറഞ്ഞപ്പോൾ തോട്ടക്കാരനെ വിളിച്ചുവരുത്തി അവിടുന്ന് പറഞ്ഞു:

'അറിവില്ലാത്ത അവസ്ഥയിലാണ് അയാളത് ചെയ്തതെങ്കിൽ താങ്കളയാൾക്ക് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിയില്ല. വിശന്നു വലഞ്ഞ അവസ്ഥയിലാണ് അയാൾ ഉള്ളത് എന്നിരിക്കെ അയാളെ താങ്കൾ ഭക്ഷിപ്പിച്ചില്ല.'

നബി(സ്വ) അദ്ദേഹത്തിന്റെ വസ്ത്രം തിരിച്ചു കൊടുക്കുവാൻ കൽപിക്കുകയും വേണ്ടുവോളം ധാന്യങ്ങൾ അദ്ദേഹത്തിന് ദാനമായി നൽകുകയും ചെയ്തു" (അബൂദാവൂദ്, നസാഈ).

റമദാൻ വ്രതാനുഷ്ഠാനത്തിന് പ്രയാസകരമാകുന്ന വിധത്തിൽ രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്നവർക്കും ഗർഭിണികളും മുലയൂട്ടുന്നവരുമായ സ്ത്രീകൾക്കും നോമ്പ് ഒഴിവാക്കുവാനും മറ്റു ദിവസങ്ങളിൽ എടുത്തുവീട്ടുവാനും മതം അനുശാസിക്കുന്നു. മറ്റു ദിവസങ്ങളിലും നോമ്പനുഷ്ഠിക്കുവാൻ കഴിയാത്തവർ പാവപ്പെട്ട ആളുകൾക്ക് പ്രായശ്ചിത്തമായി ഭക്ഷണം നൽകുവാനും നിർദേശമുണ്ട്.

ഇതിലെല്ലാം അല്ലാഹുവിന് തന്റെ ദാസൻമാരോടുള്ള കാരുണ്യവും സൗമ്യതയും ആർദ്രതയുമാണ് നാം കാണുന്നത്. അതിനാൽ അല്ലാഹുവിന്റെ പ്രീതി ആഗ്രഹിക്കുന്നവർ അത് കരസ്ഥമാക്കുവാൻ ഈ ഒരു ഉൽകൃഷ്ട സ്വഭാവഗുണം ആർജിച്ചെടുക്കേണ്ടതുണ്ട്. അതിന് സഹായകമാകട്ടെ നമ്മുടെ വ്രതാനുഷ്ഠാനങ്ങൾ. ■

ആശംസകളോടെ

# കേന്ദ്ര സർക്കാറിന്റെ 2 വർഷ പ്രിന്റിങ്ങ് ടെക്നോളജി അപ്രന്റിഷിപ്പ് (NAPS) കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

**യോഗ്യത : SSLC and above**

**പ്രായം : 15 to 21 years**

NB:

- കേന്ദ്രസർക്കാർ നേരിട്ട് നടത്തുന്ന പരീക്ഷ
- കേന്ദ്രസർക്കാർ നൽകുന്ന സർട്ടിഫിക്കറ്റ്
- അപ്രന്റിഷിപ്പ് കാലയളവിൽ കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരമുള്ള സ്റ്റൈപ്പന്റ് യഥാക്രമം അക്കൗണ്ടിലേക്ക് നേരിട്ട് ലഭിക്കുന്നതാണ്

**പരിമിതമായ സീറ്റുകൾ മാത്രം**

**Email : hrprintertsr@gmail.com**

**Ph : 9562 64 4949**

# 100% JOB OPPORTUNITIES



# മൂന്ന് സംശയങ്ങൾ

ആശയ വിവർത്തനം:
മുജാഹിദ് അൽഹികമി പറവണ്ണ
:96055 67272

## ? നബി(സ്വ)യുടെ ക്വബ്റിന്നരികിൽ ചെന്ന് ശുപാർശ ചെയ്യാൻ ആവശ്യപ്പെടാമോ? ?

സുഊദി അറേബ്യയുടെ ഔദ്യോഗിക ഫത്‌വാ ബോർഡായ ലജ്നതുദ്ദാഇമയുടെ അംഗം ശൈഖ്സ്വാലിഹ് അൽ ഫൗസാൻ (ഹഫി) പറയുന്നു:

"മയ്യിത്തിനോട് ഒന്നും ആവശ്യപ്പെടരുത്. അത് ശഫാഅത്താണെങ്കിലും മറ്റെന്തെങ്കിലുമാണെങ്കിലും ശരി. നബി(സ്വ)യോടും പറ്റില്ല; അല്ലാത്തവരോടും പാടില്ല. സ്വഹാബിമാരോ ഉത്തമ നൂറ്റാണ്ടിലുള്ളവരോ നബി(സ്വ)യുടെ ക്വബ്റിന്നരികിൽ ചെന്ന് 'ഞങ്ങൾക്കു വേണ്ടി ശഫാഅത്ത് ചെയ്യണേ' എന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ? ഒരിക്കലുമില്ല! അവർ അങ്ങനെ ചെയ്തിരുന്നുവെന്നതിന് രേഖയില്ല. എന്നാൽ, നബി(സ്വ)യുടെ ക്വബ്ർ സന്ദർശിക്കുകയും സലാം പറയുകയും ചെയ്യാം. അതിന് പ്രശ്നമൊന്നുമില്ല."

## ? കടം തിരിച്ചുകൊടുക്കാനുള്ള ആളെ മറന്നാൽ എന്ത് ചെയ്യും?

ശൈഖ് മുഹമ്മദ് ബിൻ സ്വാലിഹ് അൽ ഉസൈമീൻ (റഹി) പറയുന്നു:

"കടം വാങ്ങിയത് തിരിച്ചു കൊടുക്കാനുള്ള ആളെ മറന്നാൽ, ആ പണം പാവപ്പെട്ടവർക്ക് സ്വദക്വ നൽകുകയോ, പള്ളി നിർമാണത്തിന് ചെലഴിക്കുകയോ അല്ലെങ്കിൽ, മറ്റെന്തെങ്കിലും നന്മകൾക്ക് വേണ്ടി ഉപയോഗിക്കുകയോ ചെയ്യാവുന്നതാണ്.

പണം ചെലവഴിച്ചതിനു ശേഷം കടം ലഭിക്കാനുള്ള വ്യക്തി വന്നാൽ, എന്ത് ചെയ്യും? ഏത് മാർഗത്തിലാണ് നിങ്ങൾ ആ പണം ചെലവഴിച്ചതെന്ന് അവരെ അറിയിക്കുക. എന്നിട്ട് അവരോട് പറയുക: 'നിങ്ങൾ അംഗീകരിക്കുകയാണെങ്കിൽ അതിനുള്ള പ്രതിഫലം നിങ്ങൾക്ക് ലഭിക്കും (ഇൻശാ അല്ലാഹ്). അതല്ല, ഇനി നിങ്ങൾക്ക് പണം തന്നെ വേണമെങ്കിൽ, ഞാനത് നൽകുകയും ചെയ്യാം. ഞാൻ ചെലവഴിച്ചതിന്റെ കൂലി എനിക്ക് കിട്ടും (ഇൻശാ അല്ലാഹ്)."

## ? തീൻമേശയിൽ വിളമ്പുന്ന വിഭവങ്ങൾ ക്യാമറയിൽ പകർത്തി, സോഷ്യൽ മീഡിയയിലൂടെ പ്രചരിപ്പിക്കുന്നവരോട് എന്താണ് പറയാനുള്ളത് ?

ശൈഖ് വലീദ് ബിൻ റാശിദ് അസ്സഈദാൻ (റഹി) പറയുന്നു: "ഇക്കാലത്ത്, ബുദ്ധി കുറഞ്ഞവർ ചെയ്യുന്ന ഒരു അനാവശ്യമാണിത്. ഭക്ഷണം കഴിക്കുന്നതിനു മുമ്പോ ശേഷമോ അവയുടെ ഫോട്ടോയെടുത്ത് പ്രചരിപ്പിക്കുന്നതിൽ എന്ത് നേട്ടമാണുള്ളത്? അല്ലാഹുവാണേ, അതൊരു അനാവശ്യം മാത്രമാണ്.

ആളുകളുടെ കൈകളിൽ ക്യാമറയും മൊബൈലുമൊക്കെ സുലഭമായപ്പോൾ, അവർക്ക് ബുദ്ധിയും വിവേകവുമൊക്കെ നഷ്ടപ്പെട്ടിരിക്കുന്നു. ചെരുപ്പും അടിവസ്ത്രവും ബെഡ്റൂമും മുതൽ, വാങ്ങുന്ന ഓരോ പുതിയ വസ്തുവും അവർ ക്യാമറയിൽ പകർത്തി, സോഷ്യൽ മീഡിയയിലൂടെ വലിയവർക്കും ചെറിയവർക്കും മുന്നിൽ പ്രദർശിപ്പിക്കുന്നിടത്തെത്തിയിരിക്കുന്നു കാര്യങ്ങൾ.

ഇതെല്ലാം കണ്ട് ദരിദ്രരായ മറ്റു സഹോദരന്മാർ വേദനിക്കുന്നു. ഞങ്ങൾക്കിതൊന്നുമില്ലല്ലോ എന്നാലോചിച്ച് അവർ വിഷമിക്കുന്നു. സത്യത്തിൽ അവരെ സന്തോഷിപ്പിക്കേണ്ടവരാണ് നമ്മൾ. അല്ലാഹുവാണേ, ഇതിലൊന്നും ഒരു യുക്തിയും നന്മയുമില്ല. പോരാത്തതിന് കൂലിയുമില്ല. ബുദ്ധിയും ദീനുമുള്ളവർ ഇതിൽ നിന്നെല്ലാം വിട്ടുനിൽക്കണം. കാരണം, കൂലിയും പ്രയോജനവുമില്ലാത്ത വ്യർഥമായ കാര്യമാണത്.

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതുസ്സജദ

സാംഷ്ടാംഗം

(മക്കയിൽ അവതരിച്ചത്)

അധ്യായം 32

تَتَجَافَىٰ جُنُوبُهُمْ عَنِ الْمَضَاجِعِ يَدْعُونَ
رَبَّهُمْ خَوْفًا وَطَمَعًا وَمِمَّا رَزَقْنَاهُمْ
يُنفِقُونَ ١٦

16. ഭയത്തോടും പ്രത്യാശയോടുംകൂടി തങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുവാനായി, കിടന്നുറങ്ങുന്ന സ്ഥലങ്ങൾ വിട്ട് അവരുടെ പാർശ്വങ്ങൾ അകലുന്നതാണ്. അവർക്ക് നാം നൽകിയതിൽനിന്ന് അവർ ചെലവഴിക്കുകയും ചെയ്യും.

فَلَا تَعْلَمُ نَفْسٌ مَّا أُخْفِيَ لَهُم مِّن
قُرَّةِ أَعْيُنٍ جَزَاءً بِمَا كَانُوا يَعْمَلُونَ ١٧

17. എന്നാൽ അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായിക്കൊണ്ട് കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്കുവേണ്ടി രഹസ്യമാക്കിവെക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാവുന്നതല്ല.

أَفَمَن كَانَ مُؤْمِنًا كَمَن كَانَ فَاسِقًا ۚ لَّا
يَسْتَوُونَ ١٨

18. അപ്പോൾ വിശ്വാസിയായിക്കഴിഞ്ഞവൻ ധിക്കാരിയായിക്കഴിഞ്ഞവനെപ്പോലെയാണോ? അവർ തുല്യരാകുകയില്ല!

أَمَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ فَلَهُمْ
جَنَّاتُ الْمَأْوَىٰ نُزُلًا بِمَا كَانُوا يَعْمَلُونَ ١٩

19. എന്നാൽ വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്കാണ്-തങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ പേരിൽ ആതിഥ്യമായിക്കൊണ്ട്- താമസിക്കുവാൻ സ്വർഗത്തോപ്പുകളുള്ളത്.

16) (കിടന്നുറങ്ങുന്ന സ്ഥലങ്ങൾ വിട്ട് അവരുടെ പാർശ്വങ്ങൾ അകലുന്നതാണ്) അവർക്ക് കൂടുതൽ ആസ്വാദ്യകരവും പ്രിയങ്കരവുമായ ഒന്നിനുവേണ്ടി അവർ കിടക്കകൾ ഉപേക്ഷിക്കുന്നു. അതായത് രാത്രി നമസ്കാരത്തിന് വേണ്ടി, തങ്ങളുടെ രക്ഷിതാവുമായി സംസാരിക്കുന്നതിന് വേണ്ടി. അതാണ് അല്ലാഹു പറഞ്ഞത്: (തങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുന്നവരായി) അവർക്ക് ആത്മീയവും ലൗകികവുമായ കാര്യങ്ങൾ ലഭിക്കാനും ദോഷകരമായതിനെ തടയാനും. (ഭയത്തോടും പ്രതീക്ഷയോടും കൂടി) ഈ രണ്ട് ഗുണങ്ങളും സമന്വയിപ്പിച്ചുകൊണ്ട്. അതായത് അവരുടെ നൻമകൾ നിരസിക്കുമോ എന്ന ഭയം, അവ സ്വീകരിക്കപ്പെടുമെന്ന പ്രതീക്ഷയും. അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെടുന്നതോടൊപ്പം പ്രതിഫലം പ്രതീക്ഷിച്ചും. (അവർക്ക് നാം നൽകിയതിൽനിന്ന്) നാം ഉപജീവനത്തിനായി നൽകിയതിൽ നിന്ന്; അത് കുറവാണെങ്കിലും

അധികമാണെങ്കിലും. (അവർ ചെലവഴിക്കുകയും ചെയ്യും) ഇത് പൊതുവായ ഒരു പ്രയോഗമാണ്. അവർ എത്ര ചെലവഴിക്കണമെന്നോ ആർക്ക് നൽകണമെന്നോ ഇവിടെ പറഞ്ഞിട്ടില്ല. ഇതിൽ നിർബന്ധ ദാനങ്ങൾ, അതായത് സകാത്ത്, പ്രായച്ഛിത്തം; ഇണകൾക്കും ബന്ധുക്കൾക്കുമുള്ളത് എല്ലാം ഉൾപ്പെടും. നല്ല കാര്യങ്ങൾക്ക് ചെലവഴിക്കുന്ന ഐഛിക ദാനങ്ങളും പെടും.

ധനികനോ ദരിദ്രനോ, ബന്ധുക്കളോടോ അപരിചിതരോടോ ദയ കാണിക്കുന്നതും മറ്റുള്ളവരോട് പൊതുവെ ദയ കാണിക്കുന്നതിനായി പണം ചെലവഴിക്കുന്നതും ഇതിൽ ഉൾപ്പെടും. പക്ഷേ, പ്രയോജനത്തിനനുസരിച്ച് പ്രതിഫലത്തിൽ വ്യത്യാസമുണ്ടായിരിക്കും. ഇത് അവരുടെ പ്രവൃത്തികളെ സൂചിപ്പിക്കുന്നു.

17) അവരുടെ കർമങ്ങളുടെ പ്രതിഫലത്തെക്കുറിച്ച് അല്ലാഹു പറയുന്നു: (ഒരാൾക്കും അറിയാവുന്നതല്ല) ഇതിൽ എല്ലാവരും ഉൾക്കൊള്ളുന്നു. കാരണം ഇതൊരു പൊതുവായ പ്രയോഗമാണ്. (കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്കുവേണ്ടി രഹസ്യമാക്കി വെക്കപ്പെട്ടിട്ടുള്ളത് എന്ന്) അവർക്കായി തയ്യാറാക്കിവെച്ചിരിക്കുന്ന സന്തോഷകരമായ, സമൃദ്ധമായ അനുഗ്രഹങ്ങൾ എത്രയാണ്! അതിന്റെ സന്തോഷം, ആനന്ദം എത്രയെന്ന് അറിയില്ല എന്ന് സൂചിപ്പിക്കുന്നു. അല്ലാഹു തന്റെ ദൂതനിലൂടെ അറിയിച്ചതുപോലെ:

أَعْدَدْتُ لِعِبادِي الصَّالِحِينَ، ما لا عَيْنٌ رَأَتْ، ولا أُذُنٌ سَمِعَتْ، ولا خَطَرَ علَى قَلْبِ بَشَرٍ

"നല്ലവരായ എന്റെ ദാസൻമാർക്കുവേണ്ടി ഞാൻ ഒരുക്കിവച്ചിട്ടുണ്ട്; ഒരു കണ്ണും കാണാത്തത്, ഒരു കാതും കേൾക്കാത്തത്, ഒരാളുടെ ഹൃദയവും നിനക്കാത്തത്" (ബുഖാരി, മുസ്‌ലിം).

അവർ രാത്രിയിൽ നമസ്കരിച്ചു. കർമങ്ങൾ രഹസ്യമാക്കി. അല്ലാഹു അവർക്ക് അവരുടെ കർമങ്ങൾക്ക് അനുയോജ്യമായ പ്രതിഫലം നൽകും. അതിനാൽ അവരുടെ പ്രതിഫലം അവൻ മറച്ചുവച്ചിരിക്കുന്നു. അല്ലാഹു പറയുന്നു: (അവർ പ്രവർത്തിച്ചിരുന്നതിന്റെ പ്രതിഫലമായിക്കൊണ്ട്).

18) രണ്ട് വ്യത്യസ്ത കാര്യങ്ങൾ തുല്യമാവുകയില്ലെന്നും തുല്യമാകരുതെന്നുമാണ് അല്ലാഹുവിന്റെ യുക്തി അനുശാസിക്കുന്നത്. ഈ തത്ത്വമാണ് അല്ലാഹു ഇവിടെ ഉണർത്തുന്നത്. (അപ്പോൾ വിശ്വാസിയായി കഴിഞ്ഞവനാണോ) ഹൃദയത്തിൽ വിശ്വാസം നിറയുകയും അല്ലാഹുവിന്റെ നിയമങ്ങൾക്ക് കീഴൊതുങ്ങുകയും അവന്റെ വിശ്വാസം പെരുമാറ്റത്തിലും മനോഭാവത്തിലും സ്വാധീനം ചെലുത്തുകയും അല്ലാഹുവിന്റെ കോപത്തിന് ഇടയാക്കുന്ന കാര്യങ്ങളിൽനിന്നും ദുഷിച്ച പ്രവർത്തനങ്ങളിൽനിന്നും വിട്ടുനിൽക്കുകയും ചെയ്യുന്ന വിശ്വാസി. (ധിക്കാരിയായി കഴിഞ്ഞവനെപ്പോലെയാണോ?) ഹൃദയം ദുഷിച്ചവനും വിശ്വാസമില്ലാത്തവനും. മതപരമായ യാതൊരു താൽപര്യവും അവനില്ല. അതിനാൽ തന്നെ എല്ലാവിധ അക്രമങ്ങളിലേക്കും അറിവില്ലായ്മയിലേക്കും അവൻ തിടുക്കം കൂട്ടുന്നു. അവന്റെ ദുഷ്പ്രവൃത്തികൾ കാരണം അവൻ അല്ലാഹുവിനെ അനുസരിക്കാതിരിക്കുന്നു. ഈ രണ്ടുപേരും ഒരുപോലെയാണോ? (അവർ തുല്യരാവുകയില്ല!) യുക്തിസഹമോ മതപരമോ ആയ വീക്ഷണങ്ങളിലൊന്നും; രാവും പകലും ഇരുട്ടും വെളിച്ചവും തുല്യമാകാത്തതു പോലെ, അവർ തുല്യരല്ല. അതിനാൽ പരലോകത്ത് അവർക്കുള്ള പ്രതിഫലം സമാനമാകില്ല.

19) (എന്നാൽ വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ) നിർബന്ധവും ഐഛികവുമായ കാര്യങ്ങൾ. (അവർക്കാണ് താമസിക്കുവാൻ സ്വർഗത്തോപ്പുകളുള്ളത്) അതായത് എല്ലാവിധ സന്തോഷവും ആനന്ദവും കണ്ടെത്തുന്ന സ്വർഗത്തോപ്പുകൾ. ഹൃദയത്തിനും ആത്മാവിനും മനസ്സിനും ആനന്ദം. ശാശ്വത സ്ഥാനം. ആരാധ്യനായ പരമാധികാരിയുടെ സാമീപ്യം. അവനുമായി അടുത്തിടപഴകുന്നതിന്റെയും അവന്റെ മുഖം ദർശിക്കുന്നതിന്റെയും അവന്റെ സംസാരം കേൾക്കുന്നതിന്റെയും ആസ്വാദനം. (വിരുന്നായി) അവർക്ക് ആതിഥ്യമായിക്കൊണ്ട്. (തങ്ങൾ പ്രവർത്തിച്ചതിന്റെ പേരിൽ) അല്ലാഹു നൽകിയ അനുഗ്രഹത്തിന്റെ ഫലമായി, പണംകൊണ്ടോ പട്ടാളംകൊണ്ടോ എത്തിപ്പെടാൻ കഴിയാത്ത ഉന്നത സ്ഥാനങ്ങളിൽ എത്തിച്ചേരാൻ അവരെ പ്രാപ്തരാക്കുന്നു. അതിലേക്കെത്തിക്കാൻ വിശ്വാസംകൊണ്ടും സൽകർമങ്ങൾകൊണ്ടും മാത്രമെ കഴിയൂ. മക്കളെക്കൊണ്ടോ ജീവൻ നൽകിയാൽ പോലുമോ അവർക്കത് നേടാനാവില്ല. ■

നബീൽ പയ്യോളി
: +966 55 771 0981



“

വിദ്യാഭ്യാസം എന്നത് കേവലം അറിവ് സമ്പാദിക്കുന്ന പ്രക്രിയയല്ല; അതോടൊപ്പം സംസ്കാരവും രൂപപ്പെടുത്തുന്ന പ്രക്രിയയാണ്. ഒരു കുട്ടിയുടെ ബുദ്ധിയും വിവേകവും വിജ്ഞാനവും വ്യക്തിത്വവുമെല്ലാം വിദ്യാഭ്യാസത്തിന്റെ ഭാഗമായി മെച്ചപ്പെടേണ്ടതുണ്ട്. അറിവുള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം സാംസ്കാരികമായും മാനവികമായുമൊക്കെയാണ്. ഉന്നത വിദ്യാഭ്യാസം നേടി ക്രൂരതകൾ അഴിച്ചുവിടുന്നവർ രൂപപ്പെടുന്നത് മാനവികമൂല്യങ്ങളെ തമസ്കരിച്ചുള്ള വിദ്യാസമ്പാദനത്തിന്റെ ബാക്കിപത്രമായിക്കൂടിയാണ്.

# വിദ്യാർഥികൾ, സംഘടനകൾ

## അജണ്ടകൾ മാറ്റിയെഴുതണം

കഴിഞ്ഞ കുറെ ദിവസങ്ങളിൽ നമ്മുടെ മാധ്യമങ്ങൾ ചർച്ചചെയ്ത റാഗിംഗ് ക്രൂരത കേരളത്തെ വല്ലാതെ നാണംകെടുത്തുന്നതായിരുന്നു. ഭാവിയുടെ വാഗ്ദാനങ്ങളാവേണ്ട വിദ്യാർഥികൾ സഹപാഠിയെ മനുഷ്യത്വരഹിതമായി ആക്രമിക്കുന്ന ദൃശ്യങ്ങൾ കണ്ടുതീർക്കാൻ ആർക്ക് സാധിക്കും? കൈകാലുകൾ ബന്ധിച്ച്, കോമ്പസുകൊണ്ട് ശരീരമാസകലം വരഞ്ഞ് മുറിവേൽപിച്ച്, ആ മുറിവിൽ ലോഷൻ പുരട്ടി പരമാവധി വേദനിപ്പിക്കാൻ ശ്രമിച്ച സഹപാഠികളെ മനുഷ്യർ എന്ന് വിളിക്കാൻ മടി തോന്നുന്നു. കോട്ടയം

മെഡിക്കൽ കോളേജിലെ നഴ്സിംഗ് വിദ്യാർഥികളാണ് ഈ ക്രൂരക്രത്യം നടത്തിയതെന്ന് കൂടി കേൾക്കുമ്പോഴാണ് മനസ്സ് വല്ലാതെ പിടയുന്നത്. മനുഷ്യരെ വേദനകളിൽനിന്നും രക്ഷിക്കാനും ആശ്വാസം പകരാനും പഠിക്കുന്ന നേഴ്സുമാർ ആർദ്രതയുടെയും അലിവിന്റെയും സഹജീവി സ്നേഹത്തിന്റെയും പ്രതീകങ്ങൾ കൂടിയാണ് സമൂഹത്തിന്റെയും നിയമത്തിന്റെയും കണ്ണിൽ.

നേഴ്സുമാർ തങ്ങളുടെ ജോലിയിൽ അശ്രദ്ധയും അലംഭാവവും കാണിച്ചാൽ പലർക്കും ജീവൻ തന്നെ നഷ്ടമായേക്കും. അതുകൊണ്ടാണ് ആ ക്രൂരകൃത്യം ചെയ്തവർ ഒരിക്കലും ആ വിദ്യാഭ്യാസത്തിനോ ജോലിക്കോ അർഹരല്ലെന്ന് സമൂഹം ഒന്നടങ്കം പറയുന്നത്.

സ്ഥാപനമേധാവികളിൽ വന്ന ഗുരുതരമായ വീഴ്ച പരിശോധിക്കപ്പെടേണ്ടതു തന്നെയാണ്. പ്രതികളെ വേഗം അറസ്റ്റ് ചെയ്തതും അവരുടെ തുടർപഠനം തന്നെ സാധ്യമല്ലാത്തവിധം നിയമപരമായി എല്ലാ നടപടികളും ഉണ്ടാകുമെന്ന ആരോഗ്യമന്ത്രിയുടെ ഉറപ്പും സമൂഹത്തിന് ആശ്വാസം നൽകുന്നതായി. സർക്കാർ സ്ഥാപനങ്ങൾ സാമൂഹിക വിരുദ്ധ പ്രവർത്തനം നടത്തുന്നവരുടെ താവളങ്ങളാകുന്നത് ഗുരുതരമായ പ്രശ്നമായി മനസ്സിലാക്കണം. പാവപ്പെട്ട മിടുക്കരായ വിദ്യാർഥികളായിരിക്കും പലപ്പോഴും സർക്കാർ സ്ഥാപനങ്ങളിലെ പഠിതാക്കൾ. അവരെ അക്രമിക്കാനോ ചൂഷണം ചെയ്യാനോ ഉള്ള സാഹചര്യം ഉണ്ടാകാവതല്ല. ഈ നേഴ്സിങ് വിദ്യാർഥികൾ പഠനത്തോടൊപ്പം ഇന്റേൺഷിപ്പിന്റെ ഭാഗമായി അഭിമുഖീകരിക്കേണ്ടതും പരിചരിക്കേണ്ടതുമായ രോഗികളും പാവങ്ങളായിരിക്കുമല്ലോ. അത്കൂടി  കണക്കിലെടുത്ത് ശക്തമായ നിരീക്ഷണവും ജാഗ്രതയും മാതൃകാപരമായ നടപടികളും അനിവാര്യമാണ്.

കഴിഞ്ഞ മാസമാണ് എറണാകുളം ജില്ലയിലെ മെഹറിൻ എന്ന വിദ്യാർഥിയുടെ ജീവൻ നഷ്ടമാവും വിധം നടത്തിയ ക്രൂരമായ റാഗിംഗ് അനുഭവങ്ങൾ കുട്ടിയുടെ മാതാവ് സമൂഹത്തെ അറിയിച്ചത്. സ്കൂൾ അധികാരികളും സഹപാഠികളും ചേർന്ന് ഒരു ജീവനെ ഇല്ലാതാക്കിയതിന്റെ ദുരനുഭവം നെഞ്ച് തകർക്കുന്നതായിരുന്നു. കേട്ടാലറക്കുന്ന വിക്രിയകളാണ് റാഗിംഗ് എന്ന പേരിൽ ആ കൗമാരക്കാരന് നേരെ സഹപാഠികൾ അഴിച്ചുവിട്ടത്. കൃത്യമായ അന്വേഷണം നേട്ടത്തി മെഹ്റിന് നീതി ലഭ്യമാക്കണമെന്ന് സമൂഹത്തിന്റെ വിവിധ കോണുകളിൽനിന്നും ഉയർന്നുവന്ന ക്യാമ്പയിനാണ് പൊതുജനങ്ങളുടെയും സർക്കാരിന്റെയും ശ്രദ്ധയിലേക്ക് ഈ വിഷയം എത്തിക്കാൻ സഹായിച്ചത്; സർക്കാർ അന്വേഷണ കമ്മീഷനെ നിയമിക്കുകയും സ്കൂൾ അധികാരികളിൽനിന്നുണ്ടായ വീഴ്ചയടക്കം അന്വേഷിച്ച് ആവശ്യമായ നടപടികൾ ഉണ്ടാവുമെന്ന് വിദ്യാഭ്യാസ മന്ത്രി ഉറപ്പ് നൽകുന്ന സാഹചര്യം ഉണ്ടായത്.

## വിദ്യാർഥി സംഘടനകളും പുരോഗമനവും

വിദ്യാർഥി സംഘടനകൾ അക്രമവും അനീതിയും പ്രോത്സാഹിപ്പിക്കുന്ന അപരിഷ്കൃത സമീപനം മാറ്റേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നാട് സ്തംഭിപ്പിക്കലും കൈയൂക്ക് കാണിക്കലും അക്രമികളെ സംരക്ഷിക്കലുമല്ല വിദ്യാർഥി സംഘടനകളുടെ കടമ, നല്ല നാളേക്ക് വേണ്ടിയുള്ള സക്രിയമാണ് ഇടപെടലാണ്. അതിന് വിഘാതം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്താനും തള്ളിക്കളയാനും അക്രമികളെ ഒറ്റപ്പെടുത്താനും അനിവാര്യമായ ശിക്ഷ ലഭ്യമാക്കാനുമുള്ള ഇടപെടലുകളുമാണ് ഉണ്ടാവേണ്ടത്. ഡീസോൺ കലോത്സവത്തോടനുബന്ധിച്ച് വിവിധ ഇടങ്ങളിൽ നടന്ന അക്രമങ്ങളും വയനാട് വെറ്റിനറി കോളേജിലെ സിദ്ധാർത്ഥന്റെ കൊലപാതകവും ആ പ്രതികൾ ക്യാമ്പസിലേക്ക് തിരിച്ചെത്തിയതും നീതിലഭിച്ചില്ലെന്ന അവന്റെ മാതാപിതാക്കളുടെ രോദനവുമെല്ലാം വിദ്യാർഥി സംഘടനകളുടെ കണ്ണ് തുറപ്പിക്കണം. വിദ്യാർഥിസമൂഹത്തെ സ്വന്തത്തിനും നാടിനും സമൂഹത്തിന് പൊതുവിലും വില

പ്പെട്ട സംഭാവനകൾ നൽകുന്ന പ്രതിഭാധനരാക്കി മാറ്റാൻ പണിയെടുക്കണം. അവിവേകകളും അക്രമകാരികളും വിദ്യാർഥി രാഷ്ട്രീയത്തിന്റെ മുഖം കെടുത്തരുത്.

**അറിവിനൊപ്പം വിവേകവും**

വിദ്യാഭ്യാസം എന്നത് കേവലം അറിവ് സമ്പാദിക്കുന്ന പ്രക്രിയല്ല; അതോടൊപ്പം സംസ്കാരവും രൂപപ്പെടുത്തുന്ന പ്രക്രിയയാണ്. ഒരു കുട്ടിയുടെ ബുദ്ധിയും വിവേകവും വിജ്ഞാനവും വ്യക്തിത്വവുമെല്ലാം വിദ്യാഭ്യാസത്തിന്റെ ഭാഗമായി മെച്ചപ്പെടേണ്ടതുണ്ട്. അറിവുള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം സാംസ്കാരികമായും മാനവികമായുമൊക്കെയാണ്. ഉന്നത വിദ്യാഭ്യാസം നേടി ക്രൂരതകൾ അഴിച്ചുവിടുന്നവർ രൂപപ്പെടുന്നത് മാനവികമൂല്യങ്ങളെ തമസ്കരിച്ചുള്ള വിദ്യാസമ്പാദനത്തിന്റെ ബാക്കിപത്രമായി ക്കൂടിയാണ്.

മനുഷ്യനെന്ന സാമൂഹിക ജീവിക്ക് ഒറ്റക്ക് നിലനിൽപില്ല. നിരവധിപേരെ ആശ്രയിച്ചാണ് എല്ലാവരും ജീവിക്കുന്നത്. രാവിലെ ഉണരുന്നതു മുതൽ രാത്രിയിൽ ഉറങ്ങുന്നതുവരെ നൂറുകണക്കിനാളുകളുടെ വിയർപ്പും അധ്വാനവും കഴിവും അറിവും... അങ്ങനെ അനവധി നന്മകളുടെ ഉപഭോക്താക്കളായിട്ടാണ് നമ്മൾ ഓരോരുത്തരും ജീവിക്കുന്നത്. അതുകൊണ്ട് തന്നെ ചുറ്റുപാടുകളെയും ചുറ്റുമുള്ളവരെയും അവഗണിക്കാനോ ഞാനെന്ന ഭാവം നടിക്കാനോ വിവേകമതികൾക്ക് സാധ്യമല്ല.

ചുറ്റുപാടുകളെ അറിയാനും ചേർത്തുപിടിക്കാനും ചേർന്നു നിൽക്കാനും വിദ്യാർഥികളെ പഠിപ്പിക്കാനും പരിശീലിപ്പിക്കാനും വിദ്യാഭ്യാസം കൊണ്ട് കഴിയണം. സ്വന്തത്തോടോ കുടുംബത്തോടോ സാമൂഹത്തോടോ നാടിനോടോ യാതൊരു ബാധ്യതയും കടമയുമില്ലെന്ന് വിശ്വസിക്കുന്നവർ സാമൂഹിക വിരുദ്ധരായിത്തീരും. ഞാനല്ല നമ്മളാണ് ജീവിക്കുന്നതെന്ന ബോധ്യം നല്ല മനുഷ്യനെയാണ് രൂപപ്പെടുത്തുന്നത്. അത് ദയയും അനുകമ്പയും സഹജീവിസ്നേഹവുമൊക്കെ രൂപപ്പെടുത്താൻ സാഹചര്യമൊരുക്കും. സ്വശരീരത്തിൽ മുള്ള് തറച്ചാൽ വേദനിക്കുമെന്ന് അറിയുന്നവൻ എങ്ങനെ മറ്റുള്ളവരുടെ നെഞ്ചിൽ കഠാര കുത്തിയിറക്കും? എങ്ങനെ സഹപാഠികളെ കെട്ടിയിട്ട് ക്രൂരമായി മർദിക്കും? എങ്ങനെ അവരുടെ വേദനയിൽ ആനന്ദിക്കുകയും അവരുടെ മരണത്തിൽ സന്തോഷിക്കുകയും ചെയ്യും?


സ്വബോധത്തോടെ ഇതൊക്കെ ചെയ്യുന്നവർ സംസ്കാര ശൂന്യന്മാരെന്ന് പറയുന്നവർ, സ്വബോധത്തെ അടിമേൽ മറിക്കുന്ന മദ്യവും മയക്കുമരുന്നുകളും വ്യാപിക്കുന്നത് കൂടി സർക്കാർ സംവിധാനങ്ങളുടെ കെടുകാര്യസ്ഥതയാണ് എന്നു പറയാൻ തയ്യാറാവണം. കേരളത്തിൽ പുതിയ മദ്യനിർമാണ ശാലയും പുതിയ മദ്യകേന്ദ്രങ്ങളും തുറക്കാൻ സർക്കാർ അത്യുത്സാഹം കാണിക്കുന്നത് ഒരു സമൂഹത്തെ മുഴുവൻ അരാജകത്വത്തിലേക്കും അക്രമത്തിലേക്കും മാനവികവിരുദ്ധ സാഹചര്യങ്ങളിലേക്കും നയിക്കാൻ കാരണമാവും.

നിയമപാലകരെ വെല്ലുവിളിച്ചും അക്രമിച്ചു നഗരവീഥികളിൽ അഴിഞ്ഞാടുന്ന ലഹരിവാഹകർ സമൂഹത്തിന്റെ സ്വസ്ഥതകൂടിയാണ് ഇല്ലാതാക്കുന്നത്. വിദ്യാഭ്യാസവും സാംസ്കാരിക മുന്നേറ്റവും മൂല്യബോധങ്ങളുടെ അടിസ്ഥാനത്തിലാവണം. അനീതിയും അക്രമവും അരക്ഷിതാവസ്ഥയും പുരോഗതിക്ക് തടസ്സമാണെന്ന് മനസ്സിലാക്കാൻ അതിബുദ്ധിയൊന്നും വേണ്ട.

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പ് എൽജിബിടി ആക്റ്റിവിസവും മയക്കമരുന്നിന്റെ വ്യാപനവുമൊക്കെ പ്രധാന പ്രതിസന്ധിയായി അവതരിപ്പിച്ചത് അടുത്തതലമുറ നശിച്ചുകൊണ്ടിരിക്കുന്നു എന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ്. ഏതൊരു സമൂഹത്തിന്റെയും ഏറ്റവും പ്രധാന റിസോഴ്സ് എന്നത് കരുത്തുറ്റ യൗവനമാണ്. അതില്ലാതാവുന്നത് നാടിന്റെ നാശത്തിന്റെ സൂചനകയാണ്. അത് മിക്ക അമേരിക്കൻ-യൂറോപ്യൻ രാജ്യങ്ങളിലും പ്രകടമായിത്തുടങ്ങിയിട്ടുണ്ട്. നമ്മുടെ നാടും അങ്ങോട്ടാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഭരണാധികാരികൾ മയക്കം വിട്ട് എഴുന്നേൽക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ■

ഏതൊരു സമൂഹത്തിന്റെയും ഏറ്റവും പ്രധാന റിസോഴ്സ് എന്നത് കരുത്തുറ്റ യൗവനമാണ്. അതില്ലാതാവുന്നത് നാടിന്റെ നാശത്തിന്റെ സൂചനകയാണ്. അത് മിക്ക അമേരിക്കൻ-യൂറോപ്യൻ രാജ്യങ്ങളിലും പ്രകടമായിത്തുടങ്ങിയിട്ടുണ്ട്. നമ്മുടെ നാടും അങ്ങോട്ടാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഭരണാധികാരികൾ മയക്കം വിട്ട് എഴുന്നേൽക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

മെഹബൂബ് മദനി



മനുഷ്യരിൽ അല്ലാഹുവിന്റെയടുക്കൽ ഏറ്റവും ഉത്തമർ ക്വുർആൻ പഠിക്കുകയും അത് പഠിപ്പിക്കുകയും ചെയ്യുന്നവരാണ്: -നബി(സ്വ)

# വിശുദ്ധ ക്വുർആൻ; മാനവരാശിയുടെ വഴികാട്ടി

നാം മനുഷ്യർ, കരുണാവാരിധിയായ നാഥന്റെ വൈവിധ്യമാർന്ന സൃഷ്ടിജാലങ്ങളിൽ സവിശേഷ ബുദ്ധിയാൽ ആദരിക്കപ്പെട്ട സമൂഹം. ഭൂമിയിലെ നമ്മുടെ സമാധാനമായ ജീവിതത്തിന് ആവശ്യമായയെതെല്ലാം സൃഷ്ടികർത്താവ് നൽകിയിട്ടുണ്ട്. വിശപ്പ് ശമിപ്പിക്കാൻ സ്വാദിഷ്ടമായ ഭക്ഷ്യവസ്തുക്കൾ, കുടിക്കാൻ ശുദ്ധജലവും പഴച്ചാറുകളും, ഉടുക്കാൻ അലങ്കാരമാർന്ന വസ്ത്രങ്ങൾ, സഞ്ചരിക്കൻ ഉചിതമായ വാഹനങ്ങൾ... ഇങ്ങനെ അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ എണ്ണിയാലൊടുങ്ങാത്തതാണ്. എന്നാൽ നമ്മുടെ മാനസിക സമാധാനത്തിനും ആത്മീയദാഹമകറ്റാനും അതിലുപരി മരണാനന്തര ജീവിതത്തിലെ മോക്ഷത്തിനുമായി അല്ലാഹു നൽകിയ വലിയ അനുഗഹമാണ് വിശുദ്ധ ക്വുർആൻ.

അതെ, ക്വുർആൻ നമുക്ക് വേണ്ടി നമ്മുടെ സ്രഷ്ടാവ് അവതരിപ്പിച്ച നന്മയാർന്ന ഗ്രന്ഥമാണ്. എന്നാൽ പല കാരണങ്ങളാൽ ഈ ദൈവിക ഗ്രന്ഥത്തെ കുറിച്ച് മനുഷ്യരിലധികവും അജ്ഞരാണ്.

ക്വുർആൻ നമുക്ക് വേണ്ടി നമ്മുടെ സ്രഷ്ടാവ് അവതരിപ്പിച്ച നന്മയാർന്ന ഗ്രന്ഥമാണ്. എന്നാൽ പല കാരണങ്ങളാൽ ഈ ദൈവിക ഗ്രന്ഥത്തെ കുറിച്ച് മനുഷ്യരിലധികവും അജ്ഞരാണ്. ദൈവ ദൂതന്മാരിൽ അവസാനത്തെ കണ്ണിയായ മുഹമ്മദ് നബി(സ്വ)യിലൂടെയാണ് അതിന്റെ അവതരണമുണ്ടായത്. ദൈവിക ഗ്രന്ഥത്തെ അടുത്തറിയാനും അതിൽ പറയുന്നതിനനുസരിച്ച് ജീവിതത്തെ ചിട്ടപ്പെടുത്താനും ശ്രമിച്ചിട്ടില്ലെങ്കിൽ പര്യവസാനം ദുരന്തമായിരിക്കുമെന്നതിൽ സംശയമില്ല.

ദൈവദൂതന്മാരിൽ അവസാനത്തെ കണ്ണിയായ മുഹമ്മദ് നബി (സ്വ)യിലൂടെയാണ് അതിന്റെ അവതരണമുണ്ടായത്. ദൈവിക ഗ്രന്ഥത്തെ അടുത്തറിയാനും അതിൽ പറയുന്നതിനനുസരിച്ച് ജീവിതത്തെ ചിട്ടപ്പെടുത്താനും ശ്രമിച്ചിട്ടില്ലെങ്കിൽ പര്യവസാനം ദുരന്തമായിരിക്കുമെന്നതിൽ സംശയമില്ല.

ക്വുർആനിനെ കുറിച്ച്, അതൊരു പ്രത്യേക വിഭാഗത്തിനോ ഗോത്രത്തിനോ വേണ്ടി മാത്രം അവതരിക്കപ്പെട്ട ഒരു ഗ്രന്ഥമാണെന്ന് ആരെങ്കിലും വിചാരിക്കുന്നുവെങ്കിൽ അത് അറിവില്ലായ്മയിൽ നിന്നുയിർകൊണ്ട തെറ്റുധാരണ മാത്രമാണ്. സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിന്റെ കലാമുകളാണ് അഥവാ സംസാരങ്ങളാണ് ക്വുർആനിക വചനങ്ങൾ. മനുഷ്യരെ അന്ധവിശ്വാസങ്ങളുടെയും അബദ്ധധാരണകളുടെയും കൂരിരുട്ടുകളിൽ നിന്ന് ദൈവിക സന്ദേശങ്ങളുടെ തെളിമയാർന്ന സരണിയിലേക്ക് നയിക്കുകയെന്നതാണ് ക്വുർആനിന്റെ ലക്ഷ്യം. അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക: "അലിഫ് ലാം റാ. മനുഷ്യരെ അവരുടെ രക്ഷിതാവിന്റെ അനുമതി പ്രകാരം ഇരുട്ടുകളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുവാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചുതന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത്, പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്" (14:1).

അന്തിമ വേദഗ്രന്ഥമായ ക്വുർആനിനെ ലോകാവസാനംവരെ യാതൊരുവിധ മാറ്റത്തിരുത്തലുകൾ ക്കും വിധേയമാക്കപ്പെടാതെ സംരക്ഷിക്കുമെന്നത് അല്ലാഹുവിന്റെ പ്രഖ്യാപനമാണ്. മറ്റൊരു വേദഗ്രന്ഥത്തിനും ഈ പ്രത്യേകത അവകാശപ്പെടാനില്ലെന്നതാണ് യാഥാർഥ്യം. അല്ലാഹു പറയുന്നു: "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തു സൂക്ഷിക്കുന്നതുമാണ്" (15:9).

ഒരു ഗ്രന്ഥം ദൈവീകമാണോ എന്നു പരിശോധിക്കാൻ ഏതെല്ലാം മാനദണ്ഡങ്ങളുണ്ടോ, അതെല്ലാം വെച്ചു നോക്കിയാലും ക്വുർആൻ അല്ലാഹു അവതരിപ്പിച്ചത് തന്നെയാണെന്ന് ബോധ്യപ്പെടുമെന്നുള്ളത് അത്ഭുതാവഹം തന്നെയാണ്. ഇത്തരമൊരാശയത്തിലേക്ക് വിരൽ ചൂണ്ടുന്ന ദൈവിക വചനം കാണുക:

"അവർ ക്വുർആനെ പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യം കണ്ടെത്തുമായിരുന്നു"(4:82).

ഇത്തരമൊരു ഗ്രന്ഥം കൊണ്ടുവരാനുള്ള ക്വുർആനിന്റെ വെല്ലുവിളി ഏറ്റെടുക്കാനും ഇന്നേവരെ ആർക്കും സാധിച്ചിട്ടില്ല. ക്വുർആനിന്റെ ദൈവികതയാണ് ഇതും വ്യക്തമാക്കുന്നത്.

"നമ്മുടെ ദാസന് നാം അവതരിപ്പിച്ച് കൊടുത്തതിനെ (ക്വുർആനിനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റേത് പോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന്ന് പുറമെ നിങ്ങൾക്കുള്ള സഹായികളെയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ (അതാണല്ലോ വേണ്ടത്). നിങ്ങൾക്കത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ, നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയുമില്ല. മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തു സൂക്ഷിച്ച് കൊള്ളുക. സത്യനിഷേധികൾക്കു വേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്" (2:23,24).

**ക്വുർആനിന്റെ സ്വാധീനം**

വിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയുമെന്നല്ല,

മുഴുമേഖലകളിലും അധമത്വത്തിന്റെ പടുകുഴിയിലാണ്ടു കിടന്നിരുന്ന ഒരു സമൂഹത്തെ ലോകാവസാനം വരെയുള്ള മുഴുവൻ മനുഷ്യർക്കും മാതൃകയാക്കാൻ പോന്ന ഉത്തമരാക്കി മാറ്റാൻ നബി(സ്വ)ക്ക് സാധിച്ചത് ക്വുർആനിന്റെ പിൻബലം കൊണ്ട് മാത്രമാണ്. അല്ലാഹു പറയുന്നു: "രാജാവും പരമ പരിശുദ്ധനും പ്രതാപശാലിയും യുക്തിമാനുമായ അല്ലാഹുവെ ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു. അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ, തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചു കേൾപിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ നിന്നു തന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും മുമ്പ് അവർ വ്യക്തമായ വഴിയിലായിരുന്നു" (62:1,2).

ദൈവികവചനങ്ങളിലൂടെ പഠിപ്പിക്കുന്ന ഏകദൈവാരാധനയും പരലോക വിശ്വാസവും ബോധ്യപ്പെട്ടതോടെ തുല്യതയില്ലാത്ത പരിവർത്തനം ആ സമൂഹത്തിൽ സാധ്യമാവുകയായിരുന്നു. അങ്ങനെ ക്വുർആനിന്റെ അവതരണത്തിനനുസരിച്ച് അതിന്റെ അന്തസ്സത്ത മുഴുവൻ ഉൾക്കൊണ്ട ഒരു സമൂഹം വളർന്നു വന്നു.

ക്വുർആനിന്റെ അനുകരണാതീതമായ വശ്യത അവിശ്വാസികളപ്പോലും അമ്പരിപ്പിച്ചിരുന്നു. പേരും പെരുമയും നിമിത്തം ക്വുറൈശീ ഗോത്രത്തിന്റെ സുഗന്ധച്ചെടി എന്നുവരെ വിശേഷിക്കപ്പെട്ടിരുന്ന വലീദ്ബ്നുമുഗീറ നബി(സ്വ)യുടെ അരികിൽ വന്നു. പ്രവാചകൻ(സ്വ) അദ്ദേഹത്തിന് ക്വുർആനിക വചനങ്ങൾ ഓതിക്കൊടുത്തു. ഇതു മുഖേന അദ്ദേഹത്തിന്റെ ഹൃദയത്തിൽ അൽപം അലിവുണ്ടായതുപോലെയായി. ഈ സംഭവം ക്വുറൈശീ നേതാവായ അബൂജഹല്ബ്നു ഹാഷിം അറിഞ്ഞു. ഉടനെത്തന്നെ അയാൾ വലീദിന്റെ അടുക്കലെത്തി ഇങ്ങനെ പറഞ്ഞു: 'ഹേ, പിതൃവ്യാ! നിങ്ങളുടെ ജനത നിങ്ങൾക്ക് അൽപം സമ്പത്ത് ശേഖരിച്ചു തരാനുദ്ദേശിക്കുന്നു.' വലീദ് ചോദിച്ചു: 'എന്തിനാണത്?' അബൂജഹൽ: 'നിങ്ങൾക്ക് തരുവാൻ തന്നെ. കാരണം, നിങ്ങൾ മുഹമ്മദിന്റെ പക്കലുള്ളത് ചോദിക്കുവാൻ വേണ്ടി അദ്ദേഹത്തിന്റെ അടുക്കൽ ചെന്നിരുന്നുവല്ലോ.' വലീദ്: 'ഞാൻ ക്വുറൈശികളുടെ കൂട്ടത്തിൽ ധാരാളം ധനമുള്ളവനാണെന്ന് അദ്ദേഹത്തിനറിയാമല്ലോ.'

അബൂജഹൽ: 'എങ്കിൽ നിങ്ങൾ മുഹമ്മദ് കൊണ്ടുവന്ന കാര്യത്തോട് വെറുപ്പുളവാക്കുമാറുള്ള വല്ലതും ക്വുറൈശികൾ അറിയുന്നതിന് വേണ്ടി പറയുകതന്നെ വേണം.' വലീദ്: 'ഞാൻ അദ്ദേഹത്തെ കുറിച്ച് എന്തു പറയാനാണ്! അല്ലാഹുവാണ് സത്യം! നിങ്ങളിലാരും എന്റെയത്ര കവിതകളറിയുന്നവരായില്ല. പാട്ടോ ഗാനമോ ജിന്നുകളുടെ കവിതയോ എന്റെയത്ര നിങ്ങൾക്കറിയില്ല. അല്ലാഹുവാണ് സത്യം! മുഹമ്മദ് പറയുന്നത് (ക്വുർആൻ) ഇതിനോടൊന്നും സാമ്യമില്ലാത്തതാണ്. അല്ലാഹുവാണ് സത്യം! അവൻ പറയുന്ന കാര്യങ്ങൾക്ക് വല്ലാത്തൊരു മാധുര്യമുണ്ട്. അതിന്റെ താഴെ വരുന്നതിനെയെല്ലാം അത് (ക്വുർആൻ) ചവിട്ടിത്താഴ്ത്തുകതന്നെ ചെയ്യും. അത് ഉന്നതിയിലെത്തും. അതിന്നുപരിയായി ഒന്നും നിലകൊള്ളുകയില്ല.' അബൂജഹൽ: 'എങ്കിലും താങ്കൾ അതിനെ കുറിച്ച് എന്തെങ്കിലും (എതിർത്ത്) പറയാതെ താങ്കളുടെ ജനത തൃപ്തരാവില്ല.' വലീദ്: 'ശരി, എങ്കിൽ നിങ്ങളെന്നെ ഒഴിവാക്കിത്തരിക. ഞാനൊന്ന് ആലോചിക്കട്ടെ.' ആലോചനക്ക് ശേഷം അദ്ദേഹം പറഞ്ഞു: 'ഇത് മറ്റാരിൽനിന്നോ ഉദ്ധരിക്കപ്പെടുന്ന സിഹ്റാണ് അഥവാ മാരണമാണ്" (ഇബ്നുകസീർ 4/534).

നബി(സ്വ) ക്വുർആൻ പാരായണം ചെയ്യുമ്പോൾ അതിന്റെ സ്വാധീന വലയത്താൽ അവിടുത്തെ എതിർക്കുന്ന സത്യനിഷേധികൾപോലും സാഷ്ടാംഗം ചെയ്ത ചരിത്രവും ഇത്തരുണത്തിൽ സ്മരണീയമാണ്.

### ക്വുർആൻ പഠനം

അല്ലാഹു മനുഷ്യരുടെ നൻമയ്ക്കായി അവതരിപ്പിച്ച ഗ്രന്ഥം പഠിക്കൽ ഓരോരുത്തരുടെയും ബാധ്യതയാണെന്നതിൽ സംശയമില്ല. ദൈവിക വചനങ്ങളുടെ പഠനത്തിലൂടെ മാത്രമാണ് നമുക്ക് നല്ല സംസ്കാരവും സ്വഭാവവുമുള്ളവരായി മാറാൻ കഴിയുക. പഠനത്തിന് വളരെയെളുപ്പമുള്ളതാണ് അതിന്റെ ശൈലി. അല്ലാഹുതന്നെ അക്കാര്യം പറയുന്നത് കാണുക:

"തീർച്ചയായും ആലോചിച്ച് മനസ്സിലാക്കുവാൻ ക്വുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ച് മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?" (54,32).

മനുഷ്യരിൽ അല്ലാഹുവിന്റെയടുക്കൽ ഏറ്റവും ഉത്തമർ ക്വുർആൻ പഠിക്കുകയും അത് പഠിപ്പിക്കുകയും ചെയ്യുന്നവരാണെന്ന് നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്.

അബൂഹുറയ്‌റ(റ)യിൽ നിന്ന് നിവേദനം: അല്ലാഹുനിന്റെ റസൂൽ(സ്വ) പറഞ്ഞു: "രണ്ട് കാര്യങ്ങളിലല്ലാതെ അസൂയ ഇല്ല. ഒരാൾ അല്ലാഹു അയാൾക്ക് ക്വുർആൻ പഠിപ്പിച്ചു. അയാളാകട്ടെ രാപകലുകളിൽ ക്വുർആൻ പാരായണം ചെയ്യുന്നു. അപ്പോൾ അയാളുടെ അയൽവാസി അതു കേൾക്കുകയും ശേഷം (ഇപ്രകാരം) പറയുകയും ചെയ്യുന്നു: 'എനിക്കും ഇയാൾക്ക് നൽകപ്പെട്ടതുപോലെ നൽകപ്പെട്ടിരുന്നുവെങ്കിൽ അയാൾ അനുഷ്ഠിക്കുന്നത് പോലെ കർമങ്ങൾ ഞാനും അനുഷ്ഠിച്ചിരുന്നു.' മറ്റൊരാൾ, അയാൾക്ക് അല്ലാഹു സമ്പത്ത് നൽകി. അയാളാകട്ടെ ആ സമ്പത്ത് അല്ലാഹുവിന്റെ മാർഗത്തിൽ യഥേഷ്ടം വിനിയോഗിക്കുന്നു. അപ്പോൾ ഒരാൾ പറയുന്നു: 'ഇയാൾക്ക് നൽകപ്പെട്ടിരിക്കുന്നത് പോലെ എനിക്കു നൽകപ്പെട്ടിരുന്നുവെങ്കിൽ അയാൾ അനുഷ്ഠിക്കുന്നത് പോലെ കർമങ്ങൾ ഞാനും അനുഷ്ഠിക്കുമായിരുന്നു" (ബുഖാരി).

അന്തിമ വേദഗ്രന്ഥമായ ക്വുർആനിനെ ലോകാവസാനംവരെ യാതൊരുവിധ മാറ്റത്തിരുത്തലുകൾ ക്കും വിധേയമാക്കപ്പെടാതെ സംരക്ഷിക്കുമെന്നത് അല്ലാഹുവിന്റെ പ്രഖ്യാപനമാണ്. മറ്റൊരു വേദഗ്രന്ഥത്തിനും ഈ പ്രത്യേകത അവകാശപ്പെടാനില്ലെന്നതാണ് യാഥാർഥ്യം. അല്ലാഹു പറയുന്നു: "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തു സൂക്ഷിക്കുന്നതുമാണ്" (15:9).

ക്വുർആൻ പഠിക്കാനും പാരായണത്തിനുമായി ഒരുമിച്ചുകൂടുന്നതിന്റെ മഹത്ത്വം തിരുദൂതർ(സ്വ) വിശദീകരിച്ചതിങ്ങനെയാണ്: "ഒരു വിഭാഗം അല്ലാഹുവിന്റെ ഭവനങ്ങളായ പള്ളികളിലെ ഒരു പള്ളിയിൽ ഒരുമിച്ച് കൂടുകയും അല്ലാഹുവിന്റെ കിതാബ് പാരായണം ചെയ്യുകയും അവർ അത് അന്യോന്യം പഠിക്കുകയുമായാൽ അവരുടെ മേൽ ശാന്തത വന്നിറങ്ങുകയും കാരുണ്യം അവരെ മൂടുകയും മലക്കുകൾ അവരെ പൊതിയുകയും അല്ലാഹു തന്റെ അടുക്കലുള്ളവരിൽ അവരെ അനുസ്മരിക്കുകയും ചെയ്യും, തീർച്ച!" (മുസ്‌ലിം).

"കിതാബിൽ നിന്നും (ക്വുർആനിൽനിന്നും) ആരെങ്കിലും ഒരു അക്ഷരം ഓതിയാൽ അവന് അതുകൊണ്ട് ഒരു പുണ്യമുണ്ട്. ഒരു പുണ്യം അതിന്റെ പത്തിരട്ടിയാണ്. അലിഫ്, ലാം, മീം എന്നത് ഒരു അക്ഷരമാണെന്ന് ഞാൻ പറയുന്നില്ല. എന്നാൽ അലിഫ് ഒരു അക്ഷരമാണ്. ലാം ഒരു അക്ഷരമാണ്. മീമ് ഒരു അക്ഷരമാണ്" (സുനനുത്തിർമുദി).

അല്ലാഹു പറയുന്നു: "ക്വുർആൻ പാരായണം ചെയ്യപ്പെട്ടാൽ നിങ്ങളത് ശ്രദ്ധിച്ച് കേൾക്കുകയും നിശ്ശബ്ദത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം"(7,204).

"നിനക്ക് നാം അവതരിപ്പിച്ചു തന്ന അനുഗൃഹീത ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ച് നോക്കുന്നതിനും ബുദ്ധിമാൻമാർ ഉൽബുദ്ധരാകേണ്ടതിനും വേണ്ടി" (38:29).

### മനശ്ശാന്തി ക്വുർആനിലൂടെ

ദൈവികവചനങ്ങളുടെ പാരായണവും പഠനവും മനുഷ്യമനസ്സുകൾക്ക് പകർന്നുനൽകുന്ന സമാധാനം വിവരണാതീതമാണ്. മാനസിക പ്രശ്നങ്ങൾക്ക് ഒരു പരിഹാരത്തിന് കൂടിയാണത്. കാരുണ്യവാനായ അല്ലാഹു പറയുന്നു: "ഹേ, മനുഷ്യരേ! നിങ്ങളുടെ നാഥനിൽനിന്നുള്ള സദുപദേശവും മനസ്സുകളിലുള്ള രോഗത്തിനു ശമനവും നിങ്ങൾക്ക് വന്നുകിട്ടിയിരിക്കുന്നു. സത്യവിശ്വാസികൾക്ക് മാർഗ ദർശനവും കാരുണ്യവും (വന്നുകിട്ടിയിരിക്കുന്നു)" (10:57).

"സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ക്വുർആനിലൂടെ നാം അവതരിപ്പിച്ചിരിക്കുന്നു" (17:82).

ദൈവസ്മരണയിലൂടെ മാത്രമെ അനിർവചനായമാം വിധത്തിൽ മനസ്സുകൾക്ക് സമാധാനം ലഭിക്കുകയുള്ളൂ എന്നത് നാം അടിവരയിട്ടു മനസ്സിലാക്കേണ്ടതാണ്. "അതായത് വിശ്വസിക്കുകയും അല്ലാഹുവെ പറ്റിയുള്ള ഓർമകൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നതുവരെ. ശ്രദ്ധിക്കുക, അല്ലാഹുവെ പറ്റിയുള്ള ഓർമകൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്" (13:28). ■

വിവ: അബ്ദുൽ ജബ്ബാർ മദീനി



# ഉൽപന്നങ്ങളുടെ സകാത്ത്

ഭൂമിയിലെ കാർഷികോൽപന്നങ്ങൾക്ക് സകാത്ത് നിർബന്ധമാണെന്നതിനു താഴെ കൊടുക്കുന്ന വിശുദ്ധ വചനമാണ് അടിസ്ഥാനം. അല്ലാഹു പറഞ്ഞു:

“സത്യവിശ്വാസികളേ, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽനിന്നും ഭൂമിയിൽനിന്ന് നിങ്ങൾക്കു നാം ഉൽപാദിപ്പിച്ചു തന്നതിൽനിന്നും നിങ്ങൾ ചെലവഴിക്കുവിൻ” (ക്വുർആൻ 2:267).

പാലുറക്കുകയും മൂക്കുകയും ചെയ്താൽ ധാന്യങ്ങൾക്കു സകാത്ത് നിർബന്ധമായി. ഭക്ഷ്യയോഗ്യമാം വിധം നല്ലനിലയിൽ ഫലങ്ങളായിത്തീരുന്നതിലൂടെ നിലനിൽപ് വെളിപ്പെട്ടാൽ ഫലങ്ങളിലും സകാത്ത് നിർബന്ധമായി. വർഷം തികയൽ അതിൽ നിബന്ധനയാക്കപ്പെടുകയില്ല. കാരണം, അല്ലാഹു പറഞ്ഞു:

“അതിന്റെ വിളവെടുപ്പ് ദിവസം അതിലുള്ള ബാധ്യത നിങ്ങൾ കൊടുത്തുവീട്ടുകയും ചെയ്യുക’’ (ക്വുർആൻ 6:141).

ഗോതമ്പ്, ബാർലി, കമ്പം, നെല്ല്, കാരക്ക, ഉണക്കമുന്തിരി പോലുള്ള ഫലങ്ങളിൽനിന്നും ധാന്യങ്ങളിൽനിന്നും മുദ്ദവറും (സൂക്ഷിച്ചുവെക്കപ്പെടുന്നത്) മകീലു(അളക്കപ്പെടുന്നത്)മായതിലെല്ലാം സകാത്ത് നിർബന്ധമാകുന്നു. പഴങ്ങളിലും പച്ചക്കറികളിലും സകാത്തു നിർബന്ധമാവുകയില്ല. ധാന്യങ്ങളും ഫലങ്ങളും മകീലും മുദ്ദവറുമല്ലാത്ത കാലത്തോളം അവയിൽ സകാത്തില്ല.

**കാർഷിക വിളകളിൽ സകാത്തിന്റെ ശർത്വുകൾ**

ധാന്യങ്ങളിലും ഫലങ്ങളിലും സകാത്തു നിർബന്ധമാകുവാൻ രണ്ടു നിബന്ധനകളുണ്ട്:

1) നിസ്വാബ് എത്തൽ: അഞ്ചു വസ്ക്വുകളാകുന്നു അത്. നബി(സ്വ) പറഞ്ഞു: “അഞ്ചു വസ്ക്വിനു താഴെയുള്ള കാർഷികോൽപന്നങ്ങൾക്കു സകാത്തില്ല.”

ഒരു വസ്ക് ഒരു ഒട്ടകം വഹിക്കുന്ന ഭാരമാകുന്നു. നബി(സ്വ) ഉപയോഗിച്ചിരുന്ന സ്വാഉകൊണ്ട് അറുപതു സ്വാആകുന്നു അത്. അഞ്ചു വസ്ക്വുകൾ മുന്നൂറു സ്വാആകുന്നു. അപ്പോൾ ഒരു സ്വാഇന്റെ തൂക്കം രണ്ടു കിലോ നാനൂറു ഗ്രാം എന്ന പരിഗണനയിൽ മുന്തിയതരം ഗോതമ്പിന്റെ നിസ്വാബിനുള്ള തൂക്കം ഏകദേശം അറുനൂറ്റി പന്ത്രണ്ട് കിലോ ആകുന്നു.

2) സകാത്ത് നിർബന്ധമാകുന്ന സമയത്ത് നിസ്വാബ് എത്തിയിരിക്കണം.

**നിർബന്ധമായി നൽകേണ്ട വിഹിതം**

നനയില്ലാതെ തന്നെ വേരുകൾ വലിച്ചെടുത്തോ നദിയിലെ വെള്ളം ഉപജീവിച്ചോ ചെലവു കൂടാതെ വെള്ളം ലഭിച്ചുണ്ടായ ധാന്യങ്ങളിലും കായ്കനികളിലും പത്തിലൊന്നും ബക്കറ്റുകളോ ആധുനിക യന്ത്രങ്ങളോ മൃഗങ്ങളുപയോഗിച്ചു തേവിയോ മറ്റോ ചെലവോടുകൂടി വെള്ളം നനച്ചുണ്ടാക്കിയതിൽ ഇരുപതിലൊന്നുമാണ് നിർബന്ധമായ സകാത്ത്. തിരുനബി(സ്വ) പറഞ്ഞു:

“മഴവെള്ളമോ നദികളിലെയും അരുവികളിലെയും വെള്ളമോ ഉപജീവിച്ചുണ്ടായ കൃഷിയുൽപന്നങ്ങൾക്കും നനയില്ലാതെതന്നെ വേരുകൾ വലിച്ചെടുത്തുണ്ടാകുന്ന കൃഷിയുൽപന്നങ്ങൾക്കും പത്തിലൊന്നാകുന്നു(പത്തുശതമാനം) സകാത്ത്. തേവി നനച്ചുണ്ടാക്കിയ കൃഷിയുൽപന്നങ്ങൾക്ക് പത്തിലൊന്നിന്റെ പകുതിയും (അഞ്ചു ശതമാനവും).”

*(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച ‘അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന’ എന്ന ഗ്രന്ഥം).*

ഷമീറ സനാബിലിയ്യ
തച്ചമ്പാറ

# വീണ്ടുവിചാരങ്ങളുണ്ടോ?

റമദാനിൽ  പുണ്യങ്ങൾ നേടിയെന്നാൽ
റയ്യാനാം സ്വർഗ കവാടം കാണാം
റഹ്മത്താം സ്വർഗമതു നേടുവാൻ
റബ്ബിന്റെ തൃപ്തി നാം നേടീടേണം.

വീടും വിഭവമൊരുക്കിയേറെ
വീണ്ടുവിചാരങ്ങളുണ്ടോ ഏറെ?
വിള്ളലുണ്ടായ് പോയ ബന്ധങ്ങളെ
വീണ്ടും വിളക്കി നാം ചേർത്തിടേണം.

മക്കളും സമ്പത്തുമെല്ലാം പാരിൽ
മർത്യർക്ക് റബ്ബിൻ പരീക്ഷണങ്ങൾ.
മാതാപിതാക്കൾ തൻ തൃപ്തിയിലാം
മന്നാന്റെ തൃപ്തിയെന്നോർത്തിടേണം.

ഖുർആൻ നിരന്തരം ഓതീടേണം,
ഖൽബിലേക്കാശയം എത്തിടേണം.
കർമങ്ങൾ റബ്ബവൻ സ്വീകരിക്കാൻ
ഖൽബിലെ നിയ്യത്ത് നന്നാക്കേണം

തെല്ലുമഹങ്കാരം പാടില്ലല്ലോ,
താഴ്മയാണെന്നും നമുക്കുയർച്ച.
ദുരമൂത്ത് മണ്ണിൽ നടന്നിടേണ്ടാ,
ദുനിയാവ് ശാശ്വതമല്ലെന്നോർക്കാം.
■





Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi



WISDOM students

# ധർമ്മ സമരത്തിന്റെ വിദ്യാർത്ഥി കാലം

# കേരള സ്റ്റുഡന്റ്സ് കോൺഫറൻസ്

## 11 2025 മെയ്
## പെരിന്തൽമണ്ണ

Wisdom Islamic Students Organisation
Kerala State Committee
CV Complex, PV Swami Road, Calicut

+91 81568 12292
wisdomstudents

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
22 March 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

WISDOM students

13 Years of Colourful Smiles

ഒരു കുഞ്ഞുടുപ്പ്
ഒരു കുഞ്ഞു പുഞ്ചിരി

# ഈദ് കിസ്വ

പാവപ്പെട്ട ഒരുകുട്ടിക്ക്
പെരുന്നാൾ പുതുവസ്ത്രം നൽകാൻ
ഒരു ഓഹരി മാറ്റിവെക്കാം

പണം അയക്കേണ്ട വിവരങ്ങൾ

| | |
|---|---|
| Bank Name | AXIS BANK |
| Customer Name | WISDOM ISLAMIC ORGANIZATION EDIFICE |
| Account No. | 921010054119382 |
| Branch | Kozhikode |
| IFSC Code | UTIB0000136 |

ഒരു കുട്ടിക്ക്
**₹1300**

കൂടുതൽ വിവരങ്ങൾക്ക് 7560 902 902 എന്ന നമ്പറിൽ ബന്ധപ്പെടുക.

WISDOM ISLAMIC STUDENTS ORGANISATION KERALA STATE COMMITTEE, CV COMPLEX, PV SWAMI ROAD, CALICUT-2, KERALA
wisdomstudents